PALAKKAD
# Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Printed, Published & Owned by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**
Kerala, 678 014, Ph: 0491- 25346

Reg. No. KERMAL14748/11/01/2011-TC

Single Copy - ₹ 16.50
Annual Subscription- ₹ 200

## ഉള്ളടക്കം

ഇടയലേഖനം–മേജർ ആർച്ചബിഷപ്പ്............ 02
സർക്കുലർ – സമർപ്പിതവർഷം.................... 06
സർക്കുലർ– ആരാധനക്രമം...................... 15
വിജ്ഞാപനം – ജനപ്രകാശം...................... 16
Bishop's Engagement..................................20
From the Bishop's Office........................... 21
എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട്...........22
നിത്യാരാധനാ കപ്പേള....................................27
വിശ്വാസപരിശീലനവേദി.................................28
സ്റ്റാർസ്........................................................34
ബൈബിൾ അപ്പോസ്റ്റലേറ്റ്..............................34
തിരുബാലസഖ്യം............................................35
അൾത്താരസംഘം..........................................38
സി.എം.എൽ..................................................38
കെ.സി.വൈ.എം.............................................39
ജീസസ് യൂത്ത്...............................................42
ഫാമിലി അപ്പോസ്റ്റലേറ്റ്..................................43
എ.സി.സി.എച്ച്...............................................43
കരിസ്മാറ്റിക് വാർത്തകൾ...........................44
സെഹിയോൻ ധ്യാനകേന്ദ്രം...........................45
പി. എസ്. എസ്. പി......................................46
From the Bishop's Diary..............................50



Prot. No. 2075/2014

# ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്**
**മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും നാമകരണത്തോടനുബന്ധിച്ച് കെ.സി.ബി.സി സംയുക്ത ഇടയലേഖനം പുറപ്പെടുവിച്ചിരുന്നല്ലോ. രണ്ടു വിശുദ്ധരെയും കുറിച്ച് ഏതാനും ചിന്തകൾ നിങ്ങളോടൊപ്പം പങ്കുവയ്ക്കുവാൻ ഞാനും ആഗ്രഹിക്കുന്നു.

ഭാരതസഭയ്ക്കും പ്രത്യേകമായി സീറോമലബാർ സഭയ്ക്കും ധന്യമുഹൂർത്തമായിരുന്നു 2014 നവംബർ 23. വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും എലുവത്തിങ്കൽ എവുപ്രാസ്യാമ്മയെയും അന്നേ ദിവസം പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ സാർവത്രിക സഭയിലെ വിശുദ്ധരായി ഉയർത്തുകയുണ്ടായി. ദൈവസ്വരത്തെ ശ്രവിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ സമയമില്ലാതെ, എന്തു ചെയ്താലും തൃപ്തിവരാതെ ലോകവ്യഗ്രതയിൽ മുഴുകി അസ്വസ്ഥമാനസരാകുന്ന ആധുനിക മനുഷ്യർക്ക് പ്രചോദനവും പ്രകാശവുമായി മാറുകയാണ് ഈ രണ്ടു വ്യക്തികളും. ദൈവതിരുമനസ്സുമാത്രം കണ്ടെത്തി പ്രവൃത്തിയിലാക്കാൻ പ്രാർത്ഥനയെയും പ്രവൃത്തിയെയും സംയോജിപ്പിച്ച വലിയൊരു മാതൃകയാണ് ചാവറയച്ചൻ നൽകുന്നത്. ദൈവസ്മരണയിലും ദൈവസാന്നിദ്ധ്യത്തിലും ഉറച്ചുനിന്നുകൊണ്ട് മററുള്ളവർക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിക്കുന്ന വിശുദ്ധയെയാണ് എവുപ്രാസ്യാമ്മയിൽ നമ്മൾ കണ്ടെത്തുന്നത്.

പ്രാർത്ഥനയെ ജീവിതത്തിന്റെ ഭാഗമാക്കി മാററാൻ വിഷമിക്കുന്നവർക്ക് ഈ രണ്ടു വിശുദ്ധരും പ്രകാശ ഗോപുരങ്ങളാണ്. ആർഷഭാരതത്തിന്റെ ആത്മീയ ചൈതന്യസ്രോതസ്സായ ഋഷിമാരുടെയും നിഷ്കാമ കർമ്മികളായ മുനിമാരുടെയും ഹൃദയതാപത്തോടെ ദൈവാന്വേഷണം നടത്തിയ പൗരസ്ത്യ പിതാക്കന്മാരുടെയും പ്രതീകങ്ങളാണ് ചാവറയച്ചനും എവുപ്രാസ്യാമ്മയും. സീറോ മലബാർ സഭയുടെ അഭിമാനപാത്രങ്ങളാണ് ഇവർ. സഭയെ ആത്മിയമായും ഭൗതികമായും ധന്യമാക്കാൻ നമ്മുടെ ഈ ജ്യേഷ്ഠ സഹോദരങ്ങൾ വഹിച്ച പങ്ക് വലുതാണ്.

ഭാരതസഭയ്ക്ക് സീറോമലബാർ സഭ നൽകിയ സംഭാവനകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് പ്രേഷിതപ്രവർത്തന മേഖലയിൽ സീറോ മലബാർ സന്യസ്തരുടെ പങ്ക്. തദ്ദേശിയ സന്യാസ സഭയ്ക്ക് ആദ്യമായി നമ്മുടെ

നാട്ടിൽ നേതൃത്വം കൊടുത്ത സ്ഥാപകപിതാക്കളിൽ ഒരാളാണ് ചാവറയച്ചൻ എന്നതും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മാതൃക പിൻചെന്ന് ഇന്ന് അമ്പതിലേറെ വ്യത്യസ്ത സന്ന്യാസസമൂഹങ്ങൾ സീറോ മലബാർ സഭയുടെ പ്രവർത്തനരംഗങ്ങളിലുണ്ട്. കേരളസഭയിൽ ഉണ്ടാകാനിരുന്ന പ്രേഷിത മുന്നേററത്തെ മുൻകൂട്ടികണ്ടുകൊണ്ടായിരിക്കാം പതിമൂന്നാം ലെയോ മാർപ്പാപ്പ ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിലൂടെ എന്ന് പ്രഖ്യാപിച്ചത്. അൽഫോൻസാമ്മയും ചാവറയച്ചനും എവുപ്രാസ്യാമ്മയും വി. ഗൊൺസാലോ ഗാർസിയായ്ക്കു ശേഷം ഭാരതസഭയിൽ നിന്നുണ്ടായ വിശുദ്ധരാണ് എന്നതും ഇവർ മൂന്നുപേരും സീറോമലബാർ സഭയിൽ നിന്നുള്ളവരാണ് എന്നതും നമുക്ക് സംതൃപ്തി നല്കുന്ന വസ്തുതയാണ്. ചാവറയച്ചനാൽ സ്ഥാപിതമായ സി.എം.സി. സന്ന്യാസിനീ സമൂഹത്തിലെ അംഗമായ എവുപ്രാസ്യാമ്മ സ്ഥാപക പിതാവിനോടൊപ്പമാണ് വിശുദ്ധപദവിയിലേക്കു പ്രവേശിക്കുന്നത്. രക്തസാക്ഷി ദേവസഹായം പിള്ളയെയും വാഴ്ത്തപ്പെട്ട മദർ തെരേസായെയും സീറോമലബാർ സഭയിൽ നിന്നുതന്നെയുള്ള വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാമ്മയെയും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനെയും ഈ അവസരത്തിൽ നമുക്ക് പ്രാർത്ഥനാപൂർവ്വം സ്മരിക്കാം.

ഭാരത സുറിയാനി സഭയെ ഭരണപരമായി നയിച്ചിരുന്ന അർക്കദിയാക്കോന്റെ (ആർച്ചുഡീക്കന്റെ) പദവി 17-ാം നൂറ്റാണ്ടോടെ നിർത്തലാക്കപ്പെട്ടു. എന്നാൽ നൂററാണ്ടുകൾക്കുശേഷം സീറോമലബാർ സഭയുടെ മുഴുവന്റെയും വികാരി ജനറാളായി പത്തുവർഷത്തോളം സഭയെ നയിക്കാൻ ദൈവകൃപയാൽ ചാവറയച്ചൻ നിയോഗിതനായി. ഒരു പുണ്യശ്ലോകൻ, വിശ്വാസസംരക്ഷകൻ, സന്ന്യാസസഭാസ്ഥാപകൻ, സമുദായസംസ്കാരകൻ, ഈ നിലകളിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരളപ്രസിദ്ധി കൈവരിച്ചു എന്ന് ചങ്ങനാശ്ശേരി മെത്രാനായിരുന്ന മാർ ജെയിംസ് കാളാശ്ശേരി എഴുതിയിരിക്കുന്നു. അദ്ദേഹം കേരളത്തിലെ ഒരു നവോത്ഥാന നായകനായിരുന്നു എന്നും അദ്ദേഹം ഭാരതസഭയുടെ സന്താനവും കേരളസഭയുടെ സമ്മാനവും ആയി കാണപ്പെടുന്നതാണ് ഏററവും വലിയ സന്തോഷം എന്നും നമ്മുടെ സിനഡ് പിതാക്കന്മാർ അനുസ്മരിച്ചിട്ടുള്ളത് ഞാൻ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നു . സീറോ മലബാർ സഭയിലെ എന്റെ മുൻഗാമികളായ പിതാക്കന്മാർ അവസരോചിതമായി ചാവറയച്ചനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ ഒന്നുകൂടി ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ സഭയുടെ ജീവിതത്തിൽ അദ്ദേഹത്തിനുള്ള പ്രസക്തിയെക്കുറിച്ച് അഭിവന്ദ്യപിതാക്കന്മാരും, വൈദികരും സന്യസ്തരും ജനങ്ങളും വിചിന്തനം ചെയ്യണമെന്ന് 1996-ൽ ചാവറയച്ചന്റെ 125 -ാം മരണവാർഷിക സന്ദർഭത്തിൽ അന്നത്തെ മേജർ ആർച്ച്ബിഷപ്പ് ആയിരുന്ന മാർ ആന്റണി പടിയറപിതാവ് അനുസ്മരിച്ചു.





2005-ൽ ചാവറയച്ചന്റെ 200-ാം ജന്മവാർഷികത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച പൊതുസർക്കുലറിൽ മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചതിപ്രകാരമാണ്: 19-ാം നൂറ്റാണ്ടിൽ സഭയിലും സമൂഹത്തിലും ഉണ്ടായിരുന്ന മത, സാമൂഹ്യ, സാംസ്കാരിക പ്രശ്നങ്ങളിൽ പരിഹാരം നിർദ്ദേശിച്ചുകൊണ്ട് ജനത്തിന് ഉണർവും ഉന്മേഷവും നൽകി പുത്തൻ പാതകൾ തുറന്നുകൊടുക്കുവാൻ ദൈവത്താൽ അയക്കപ്പെട്ട ഒരു നവോത്ഥാന നായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

ചാവറയച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാൻ കേരളത്തിലെത്തിയ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവച്ച് പ്രഖ്യാപിച്ചത് ഇപ്രകാരമായിരുന്നു: ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയും ജീവിതം സീറോമലബാർ സഭയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചിട്ടുള്ളതാണ്. എത്രയെത്ര അപ്പസ്തോലിക നന്മകളാണ് അദ്ദേഹത്തിന്റെ സമർത്ഥ നേതൃത്വത്തിൽ അഥവാ ചൈതന്യധാരയിൽ വിരിഞ്ഞുവന്നിട്ടുള്ളത്. സ്കൂളുകൾ, വൈദിക പരിശീലനകേന്ദ്രങ്ങൾ, കത്തോലിക്കാ ആദർശങ്ങളുടെ പ്രചാരണത്തിനായി അച്ചടിശാല, ആസന്നമരണരായ വയോവൃദ്ധർക്ക് ആശ്വാസമന്ദിരം, പൊതുവിജ്ഞാനശാലകൾ, മതപഠനകേന്ദ്രങ്ങൾ എന്നിവയെല്ലാം അദ്ദേഹം നൽകിയ സംഭാവനകളാണ്. സീറോ മലബാർ സഭയുടെ ആരാധനക്രമത്തിനു പുനരുദ്ധാരണമേകി. ദിവ്യകാരുണ്യത്തോടും തിരുക്കുടുംബത്തോടുമുള്ള ഭക്തി വ്യാപകമാക്കി. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള മൗലികസ്ഥാനം മനസ്സിലാക്കിയ ചാവറയച്ചൻ ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി. സഭയ്ക്കകത്തെ ഐക്യവും കൂട്ടായ്മയുമായിരുന്നു ഈ വലിയ മനുഷ്യന്റെ ഹൃദയത്തിന് ഏററവും പ്രിയപ്പെട്ട പ്രേഷിതദൗത്യം. സഭയിലെ പിളർപ്പിനെ ചെറുത്തുനിൽക്കാനും പത്രോസിന്റെ സിംഹാസനത്തോടും സാർവത്രിക സഭയോടുമുള്ള ഐക്യത്തിന് വൈദികരെയും അത്മായരെയും അണിനിരത്താനും അദ്ദേഹം നടത്തിയ ശ്രമങ്ങളെ സഭ ഇന്ന് സ്നേഹത്തോടും നന്ദിയോടും കൂടി പരസ്യമായി പ്രഖ്യാപിക്കുന്നു.

ആധുനികലോകത്തിൽ കുടുംബം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ കണക്കിലെടുക്കുമ്പോൾ അദ്ദേഹം 1868-ൽ നൽകിയ നല്ല അപ്പന്റെ ചാവരുൾ എന്ന കുടുംബ ജീവിത മാർഗരേഖ സാർവത്രിക സഭയിൽത്തന്നെ പഠനവിഷയമാക്കാവുന്ന ഒരു രേഖയാണ്. 2014 ഒക്ടോബർ നടന്ന സിനഡിലെ പിതാക്കന്മാർക്ക് നല്ല അപ്പന്റെ ചാവരുളിന്റെ കോപ്പികൾ കൊടുക്കാൻ സാധിച്ചു എന്നു സന്തോഷപൂർവ്വം അനുസ്മരിക്കുന്നു.

1877-ൽ തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിലെ എലുവത്തിങ്കൽ കുടുംബത്തിൽ ജീവിതം ആരംഭിച്ച എവുപ്രാസ്യാമ്മയുടെ സന്യാസജീവിതത്തിന് തുടക്കം കുറിച്ചത് ചാവറയച്ചനാൽ സ്ഥാപിതമായ കൂനമ്മാവിലെ മഠത്തിന്റെ

ബോർഡിംഗ് ഹൗസിലാണ്. അനാരോഗ്യം മൂലം പീഡിതയായിരുന്ന ഈ മകളുടെ ദൈവവിളി ഉറപ്പിച്ചത് തിരുക്കുടുംബത്തിൽ നിന്നു ലഭിച്ച ദർശനത്തിലൂടെയാണ്. ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യാ എന്ന പേരോടുകൂടി അമ്പഴക്കാട്ടുള്ള സി.എം.സി. സന്യാസിനീ സഭയുടെ അംഗമായി സന്യാസ ജീവിതം തുടർന്നു. സഭയുടെ നോവിസ് മിസ്ട്രസ്സായും ഒല്ലൂർ മഠാധിപയായും കുറച്ചുനാൾ സേവനമനുഷ്ഠിച്ചു. ശിഷ്ടകാലം മുഴുവൻ പ്രാർത്ഥിക്കുന്ന അമ്മയായി ഒല്ലൂർ മഠത്തിൽ ദൈവൈക്യത്തിൽ ജീവിച്ചു. 1952-ൽ ഈലോകജീവിതം അവസാനിപ്പിച്ച് ദൈവാനുഗ്രഹങ്ങൾ വാങ്ങിക്കൊടുക്കുന്ന അമ്മയായി സ്വർഗ്ഗീയ തിരശീലയ്ക്കുള്ളിൽ മറഞ്ഞു. മഠത്തിലെ കപ്പേളയിലിരുന്നുകൊണ്ട് സക്രാരിയിൽ വസിക്കുന്ന ഈശോയെ ജപമാലമണികൾക്കിടയിലൂടെ കണ്ടെത്തിയ ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹപാത്രമായിരുന്നു എവുപ്രാസ്യാമ്മ. സങ്കടങ്ങളും, പ്രാർത്ഥനാനിയോഗങ്ങളുമായി, തന്റെയടുക്കലെത്തിയവരെ മരിച്ചാലും മറക്കില്ലാട്ടോ എന്നാശ്വസിപ്പിച്ചയച്ച സാന്ത്വന പ്രകാശമായിരുന്നു അവൾ. അറിയപ്പെടാത്ത ഒരു വിശുദ്ധയായിത്തീരണം എന്നതായിരുന്നു എവുപ്രാസ്യാമ്മയുടെ ആഗ്രഹം. അതുകൊണ്ട് അറിയപ്പെടാൻ ഇടവരുത്തുന്ന എല്ലാ അവസരങ്ങളിൽ നിന്നും വിട്ടുമാറാൻ അവൾ ആഗ്രഹിച്ചു. ദിവ്യ സക്രാരിയുമായുള്ള ബന്ധം മാത്രം മതി എന്നതുകൊണ്ട് കപ്പേളയിൽത്തന്നെയായിരിക്കുവാൻ അവൾ പരിശ്രമിച്ചു. സാധാരണക്കാരും കുട്ടികളും അവിടെ പ്രാർത്ഥിക്കുന്ന അമ്മയെ കണ്ടെത്തി.

വിശുദ്ധരായ ചാവറയച്ചനെയും എവുപ്രാസ്യമ്മയെയും ആദരിച്ചു നന്ദിയുടെ ബലിയർപ്പിക്കുന്നതിന് ദേശീയതലത്തിൽ നമ്മൾ ഒരുമിച്ചുകൂടുന്നത് ഈ മാസം 29-ാം തിയതി കാക്കനാടിനടുത്തുള്ള രാജഗിരിവാലിയിലെ മൈതാനിയിലാണ്. അവിടെ വന്നുചേർന്ന് നമുക്ക് ദൈവത്തെ സ്തുതിക്കാം. ജനുവരി 3-നും 10-നും ഈ വിശുദ്ധരുടെ കബറിടങ്ങൾ സ്ഥിതി ചെയ്യുന്ന മാന്നാനത്തും ഒല്ലൂരും സഭാതനയർ എല്ലാവരും ഒരുമിച്ചുകൂടി ഈ വിശുദ്ധരുടെ ആദ്യ തിരുന്നാൾ ആചരിക്കണം. ഈ ഒരുമിച്ചുകൂടലുകൾ നമ്മുടെ വിശ്വാസത്തിന്റെയും ക്രൈസ്തവ കൂട്ടായ്മയുടെയും ഐക്യദാർഢ്യസംഗമങ്ങളാക്കി തീർക്കാം. ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും മാദ്ധ്യസ്ഥ്യം നമ്മെ ശക്തിപ്പെടുത്തട്ടെ. അവരുടെ വിശുദ്ധവഴികൾ സാർവത്രികസഭയ്ക്ക് മുഴുവൻ മാർഗദീപമാകട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

For recordical purpose





# സമർപ്പിതരുടെ വർഷത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

**ആമുഖം**

കത്തോലിക്കാസഭ സാർവത്രികമായി 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിതരുടെ വർഷമായി ആഘോഷിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സന്ന്യാസജീവിതത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെയും 50-ാം വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപാപ്പാ സമർപ്പിതരുടെ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രഖ്യാപിച്ച വൈദികവർഷം, വിശ്വാസവർഷം, വിശുദ്ധ പൗലോസിന്റെ വർഷം എന്നിവയോട് ഇതു ചേർന്നുപോകുന്നു. ഒരു വർഷത്തിലധികം നീണ്ടുനില്ക്കുന്ന സമർപ്പിതരുടെ വർഷം കഴിഞ്ഞ കാലത്തെ നന്ദിപൂർവം ഓർത്ത് ഭാവിയിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കാൻ നമുക്ക് അവസരമാകുന്നു. സമർപ്പിതസമൂഹങ്ങൾ ക്രിസ്തുമതത്തിനും ലോകത്തിനും ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ നിരവധിയാണ്. പ്രാചീനകൃതികൾ പകർത്തി സൂക്ഷിക്കുക, വിദ്യാകേന്ദ്രങ്ങളും ആതുരശാലകളും ആശുപത്രികളും അനാഥാലയങ്ങളും നടത്തുക, തൊഴിലും കൃഷിയും പഠിപ്പിക്കുക, അടിമകളെ വീണ്ടെടുക്കുക, മതപ്രചാരണം നടത്തുക, ശാസ്ത്രീയ വളർച്ചയ്ക്ക് വഴിതെളിക്കുക തുടങ്ങിയ സേവനങ്ങൾ ലോകത്തിന് അവർണനീയമായ നേട്ടങ്ങളുണ്ടാക്കി. അത് അഭിമാനത്തോടെ നാം ഓർക്കണം. ദൈവത്തെയും ആത്മാവിനെ സംബന്ധിച്ച കാര്യങ്ങളെയും അന്വേഷിക്കുന്നവർക്ക് അവ സ്വാഗതമരുളി. വിശ്വാസത്തിന്റെ വിദ്യാലയങ്ങളും പഠനത്തിന്റെയും സംവാദത്തിന്റെയും സംസ്കാരത്തിന്റെയും യഥാർത്ഥസ്ഥാനങ്ങളുമാണവ.

**സമർപ്പിതവർഷത്തിന്റെ ലക്ഷ്യങ്ങൾ**

സമർപ്പിതരുടെ വർഷം പ്രധാനമായും ഊന്നൽ നല്കുന്നത് മൂന്നു കാര്യങ്ങൾക്കാണ്. ഒന്ന്, സമർപ്പണജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുകയും അവിടത്തെ സ്തുതിക്കുകയും ചെയ്യുക. സമർപ്പണജീവിതത്തിന്റെ ബഹുമുഖരൂപങ്ങളാലും

ദൈവരാജ്യത്തിനായി സമ്പൂർണസമർപ്പണം നടത്തിയ അനേകം ജീവിതങ്ങളുടെ ഉദ്ബുദ്ധമായ പ്രവർത്തനങ്ങളാലും സഭയും ലോകവും സമ്പന്നമാക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് നന്ദി പറയാതിരിക്കാൻ സഭയ്ക്കു കഴിയുകയില്ല.

രണ്ട്, മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക. മണവാട്ടി എന്ന നിലയിലുള്ള സഭയുടെ ആന്തരികമായ പ്രകൃതിയെ ഏറ്റവും വാഗ്മിത്വത്തോടെ പ്രകാശിപ്പിക്കുന്നത് സമർപ്പിതരാണ്. ദൈവത്തിന്റെ കൃപാവരത്താൽ രൂപാന്തരപ്പെടാൻ സ്വയം അനുവദിക്കുകയും സുവിശേഷത്തോടു പൂർണമായും അനുരൂപപ്പെടുകയും ചെയ്യുന്ന സമർപ്പിതരില്ലാതെ സഭയ്ക്ക് തന്റെ ദൗത്യം പൂർണമായി പൂർത്തീകരിക്കാനാവില്ല. സുവിശേഷപ്രചരണം, ക്രൈസ്തവ വിദ്യാഭ്യാസപ്രവർത്തനം, ഏറ്റവും ആവശ്യത്തിലിരിക്കുന്നവർക്ക് സ്നേഹവും താങ്ങും നല്കൽ, ധ്യാനാത്മകപ്രാർത്ഥന, കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും മാനുഷികവും ആത്മീയവുമായ രൂപീകരണം, സമൂഹത്തിൽ നീതിയും സമാധാനവും സംസ്ഥാപിതമാക്കാനുള്ള ശ്രമം എന്നിവയ്ക്കെല്ലാം സമർപ്പിതർ വിശ്വാസികൾക്ക് പ്രചോദനവും മാതൃകയുമാണ്. ദൈവം നല്ലവനും കരുണാമയനുമാണെന്നതിന്റെ തെളിവുകൂടിയാണ് സമർപ്പിതർ. അവരില്ലാത്ത സഭയെപ്പറ്റി ചിന്തിക്കാനേ പറ്റില്ല (cf. ഫ്രാൻസീസ് പാപ്പാ, പ്രസംഗം, ഫെബ്രുവരി 02, 2014).

ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും അവിടന്നിൽ എളിയ സഹോദരരെ സ്നേഹിക്കുന്നതിന്റെയും സന്തോഷമാണ് ഈ വർഷത്തിൽ ആളുകൾക്കു സമർപ്പിതരിൽ കണ്ടെത്താൻ കഴിയേണ്ടത്. യേശുവിനോടും യേശുവിൽ മനുഷ്യകുടുംബത്തിലെ ഓരോ അംഗത്തോടും ഉള്ള സ്നേഹം മൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ് സമർപ്പിതജീവിതമെന്ന കാര്യം വെളിവാക്കപ്പെടണം. അല്മായർക്ക് സമർപ്പിതജീവിതത്തെക്കുറിച്ച് ആഴമാർന്ന ധാരണ ഉണ്ടാകണമെന്നതാണ് സമർപ്പിതവർഷം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മൂന്ന്, കൂടുതൽ പ്രകാശിതമായ വിശ്വാസത്താൽ തങ്ങളുടെ ജീവിതവഴിയിൽ ആത്മാവ് വർഷിച്ച ദൈവികദാനങ്ങൾ വ്യത്യസ്ത സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു കണ്ടെത്താൻ ശ്രമിക്കണം. അത് സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു ചെയ്യേണ്ട കാര്യമാണ്. കർത്താവ് തങ്ങളിൽ ചൊരിഞ്ഞിട്ടുള്ള അദ്ഭുതകരമായ കാര്യങ്ങൾക്കുവേണ്ടി വ്യത്യസ്ത സമൂഹങ്ങളിൽപ്പെട്ട സമർപ്പിതർ ഒന്നിച്ചുകൂടി പങ്കുവച്ച് ആഘോഷിക്കുന്ന





കാര്യമാണ്. ഒപ്പം, സഭയിൽ തങ്ങൾക്കുള്ള പകരം വയ്ക്കാനാവാത്ത ദൗത്യത്തിന്റെ സുവ്യക്തമായ ആത്മാവബോധവും നേടണം. തിരുസ്സഭയുടെ പൊതുനന്മയ്ക്കായി സഹകരിച്ചു പ്രവർത്തിക്കാൻ അതവരെ സഹായിക്കും. ഓരോ സമൂഹവും അതാതിനു പ്രത്യേകമായുള്ള ജോലി വിശ്വസ്തതയോടെ നിർവഹിക്കുമ്പോൾ സഭയുടെ മുഴുവന്റെയും അതാതു രൂപതയുടെയും പ്രയോജനം മുൻനിറുത്തി സ്ഥലകാലങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ പുനസ്സംവിധാനം ചെയ്യാനും ഇടയാക്കും. തങ്ങളുടെ സമൂഹത്തിന്റെ സിദ്ധികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുവഴി സമർപ്പിതർക്ക് തങ്ങളുടെ ശുശ്രൂഷകളെക്കുറിച്ച് ആഴമാർന്ന ബോധ്യവും ഉണ്ടാകും. കൊടുക്കുമ്പോൾ കൂടുതൽ സ്വീകരിക്കുമെന്നതാണല്ലോ സത്യം.

**സമർപ്പിതസമൂഹങ്ങളുടെ പ്രവാചകദൗത്യം**

സഭയുടെ ചരിത്രത്തിൽ സമർപ്പിതസമൂഹങ്ങൾ എന്നും ഒരു പ്രവാചകദൗത്യം നിറവേറ്റിയിട്ടുണ്ട്. പ്രവാചകൻ മുഖ്യമായും വർത്തമാനകാലത്തിലും സാഹചര്യങ്ങളിലും ദൈവേഷ്ടം അറിയിക്കുന്നവനാണ്. സഭയിലും സമൂഹത്തിലും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി പ്രത്യുത്തരം നല്കാനാണ് സമർപ്പിതസമൂഹങ്ങൾ സ്ഥാപിതമായത്. "സഭയുടെ ചരിത്രത്തിലെങ്ങും ഏറ്റവും പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ, വിശുദ്ധരായ സ്ത്രീപുരുഷന്മാർ, എന്നും പുതുക്കത്തിന്റെ ഉണർവും ഉത്പത്തിയുമായിരുന്നു. ഇന്നു നമുക്ക് വിശുദ്ധരുടെ അത്യധികമായ ആവശ്യമുണ്ട്. അവർക്കുവേണ്ടി നാം ദൈവത്തോടു തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾ, സുവിശേഷോപദേശങ്ങളുടെ വ്രതവാഗ്ദാനത്തിലൂടെ, ഇന്നത്തെ സഭയിൽ അവർക്കുള്ള സവിശേഷദൗത്യത്തെക്കുറിച്ച് ബോധമുള്ളവയായിരിക്കണം. അവരെ ആ ദൗത്യത്തിൽ നാം പ്രോത്സാഹിപ്പിക്കുകയും വേണം" (രണ്ടാം അസാധാരണ സിനഡ്, 1985, II, A, 4). "സഭയുടെ ചരിത്രത്തിലുടനീളം സമർപ്പിതജീവിതം പവിത്രാത്മാവിന്റെ പ്രവർത്തനത്തിന്റെ സജീവസാന്നിധ്യമായിരുന്നു. ദൈവത്തോടും അയൽക്കാരനോടുമുള്ള സമ്പൂർണസ്നേഹത്താൽ മനുഷ്യവംശത്തെ മുഴുവനും സ്നേഹസംസ്കാരത്തിലേക്ക് ശേഖരിക്കാനുള്ള ദൈവികപദ്ധതിക്കു സാക്ഷ്യംവഹിക്കുന്നതിന്റെ വിശേഷാനുകൂല്യപരമായ സാഹചര്യമായിരുന്നു" (9th Ordinary Synod Message, LOsservatore Romano, 02 Nov. 1994).

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ. വലിയ പീഡനത്തിന്റെയും

പ്രവാസത്തിന്റെയും നാളുകളിൽ വിശുദ്ധ ബെനഡിക്ട് സഭയുടെ ആഗോളവ്യാപനത്തിന് സമൂഹങ്ങൾ സൃഷ്ടിച്ചു. അവ അവയുടെ ചുറ്റുപാടുകളിൽ സ്ഥിരത കൈവരിക്കാൻ ഇടയാക്കി. സഭയും സമൂഹവും ഫ്യൂഡൽ വ്യവസ്ഥിതിക്ക് വിധേയമായപ്പോൾ വിശുദ്ധ ഫ്രാൻസീസ് ദാരിദ്ര്യത്തോടുള്ള സംവേദനക്ഷമത ഉണർത്തി. ശക്തവും ശുദ്ധവുമായ വിശ്വാസത്തിനു വേണ്ടിയുള്ള കത്താറുകളുടെ ആഗ്രഹം വിശുദ്ധ ഡോമിനിക് തന്റേതാക്കി. നവോത്ഥാനത്തോടു പ്രത്യുത്തരിച്ചുകൊണ്ട് ക്രിസ്തുവെന്ന വ്യക്തിയിലേക്ക് മാത്രം ജീവിതത്തെ വീണ്ടും നയിക്കാൻ വിശുദ്ധ ഇഗ്നേഷ്യസ് ശ്രമിച്ചു. 19-ാം നൂറ്റാണ്ടിൽ അനേകം സമർപ്പിതസമൂഹങ്ങൾ കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ ജന്മമെടുത്തു. ദൈവത്തിൽ നിന്നുവരുന്ന ഒരു വിളിക്കുള്ള പ്രവാചകപ്രത്യുത്തരമാണ് ഇവിടെയെല്ലാം നാം കാണുന്നത്; ഒരു പ്രത്യേക സമയത്ത് ദൈവേഷ്ടം പ്രായോഗികമാക്കാനുള്ള ശ്രമം.

**നവീകരണത്തിനുള്ള അവസരം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്ക് മുഴുവനും, സമർപ്പിതജീവിതക്കാർക്ക് പ്രത്യേകമായും പരിശുദ്ധാത്മാവിന്റെ വലിയൊരു നിശ്വസനമായിരുന്നു. സമർപ്പിതർ കഴിഞ്ഞ 50 വർഷം തങ്ങളുടെ ജീവിത നവീകരണത്തിന്റെ ഫലപ്രദമായ ഒരു യാത്രയാണ് നടത്തിയതെന്നതിൽ സംശയമില്ല. കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനങ്ങളോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതിജ്ഞാബദ്ധതയും നവീകരിക്കാനാണ് കൗൺസിൽ സമർപ്പിതരോട് ആവശ്യപ്പെട്ടത്. അത് നിരന്തരം തുടരേണ്ട ഒരു പ്രക്രിയയാണ്. ലോകത്തെയും സഭയെയും ബാധിക്കുന്ന സംഘർഷങ്ങളും പ്രശ്നങ്ങളും സമർപ്പിതജീവിതത്തെയും ബാധിക്കുമെന്നത് തീർച്ച. സമർപ്പിതജീവിതത്തിന്റെ കരിസ്മാറ്റിക് മാനം മറന്ന് സ്ഥാപനവത്കരണത്തിനും കാര്യക്ഷമതയ്ക്കും പ്രൊഫഷണലിസത്തിനും അടിമപ്പെടാനുള്ള പ്രലോഭനം ശക്തമാകുന്നതുതന്നെ ഉദാഹരണം. ഇവ ദൗത്യനിർവഹണത്തിനുള്ള ഉപാധികൾ മാത്രമേ ആകാവൂ എന്ന കാര്യം മറക്കരുത്. സ്വന്തം ശക്തിയോ കഴിവോ കൊണ്ടല്ല, മറിച്ച്, കർത്താവിലുള്ള വിശ്വാസാശ്രയം കൊണ്ട് എല്ലാം നവീകരിക്കാൻ കഴിയുമെന്ന വലിയ പ്രതീക്ഷ ഉണ്ടാകണം. ഫ്രാൻസീസ് പാപ്പാ പറയുന്നതുപോലെ ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രതീക്ഷ (സുവിശേഷസന്തോഷം, 86) യുടെ പ്രതീകമായി സമർപ്പിതർ മാറണം.

ദൈവഹിതം മിക്കപ്പോഴും ലോകത്തിന്റെ ചൈതന്യവുമായി വൈരുദ്ധ്യത്തിലായിരിക്കും. അസാമാന്യമായ ധീരതയും സത്യസന്ധതയും ഉണ്ടെങ്കിലേ ലോകചൈതന്യത്തിനെതിരെ നില്ക്കാൻ സാധിക്കൂ. ഇന്ന് സമർപ്പിതർ പ്രത്യേകം ഓർക്കേണ്ട ഒരു കാര്യമാണിത്. ദൈവത്തെയും അവിടത്തെ വചനത്തെയും കേന്ദ്രസ്ഥാനത്തു നിറുത്തി, സമൂഹത്തിൽ രൂപംകൊള്ളുന്ന പ്രവണതകളെ വിമർശനാത്മകമായി വിലയിരുത്തുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യാൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. അതു ക്ലേശകരമായ വഴിയാണ് (മത്താ 7:3-14). സ്വന്തം ജീവിതം തന്നെ മാതൃകയാകണം. സുഖാസക്തിയും അത്യാഗ്രഹവും അമിതസ്വാതന്ത്ര്യവും വർദ്ധമാനമാകുന്ന ഈ കാലഘട്ടത്തിൽ സന്ന്യസ്തജീവിതം നേരിടുന്ന വലിയൊരു വെല്ലുവിളിയാണിതെന്ന് മറക്കരുത്. ഫ്രാൻസീസ് മാർപാപ്പാ കൂടെക്കൂടെ ചോദിക്കുന്നതുപോലെ, ലോകത്തിന്റെ എല്ലാ നേട്ടങ്ങളും സൗകര്യങ്ങളും ആഡംബരങ്ങളും സമർപ്പിതജീവിതത്തിന് ആവശ്യമാണോ എന്ന് ചിന്തിക്കണം.

ക്രിസ്തുവിനോടുള്ള വലിയ സ്നേഹവും യഥാർത്ഥ സൗഹൃദവും ആഴമാർന്ന സംസർഗവും വളർത്തിക്കൊണ്ട് വലിയ പ്രത്യാശ ഇന്ന് ലോകത്തിൽ ഉദ്ദീപിപ്പിക്കാനാണ് സമർപ്പിതർ ശ്രദ്ധിക്കേണ്ടത്. അതു തന്നെയാണല്ലോ സമർപ്പിതജീവിതത്തിന്റെ കാതൽ. സുവിശേഷോപദേശങ്ങൽ ഗൗരവപൂർവം സ്വീകരിച്ചുകൊണ്ട് സമർപ്പിതർ ദരിദ്രനും നിർമ്മലനും അനുസരണയുള്ളവനുമായ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കുമ്പോൾ അതു സംഭവിക്കും. ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരികസമാധാനമന്വേഷിക്കൽ, ദിവ്യകാരുണ്യകേന്ദ്രീകൃതജീവിതം, നിരന്തരമായ പ്രാർത്ഥന, ദൈവവചനധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപരമായ സന്തോഷം എന്നിവ ജീവിതശൈലിയാക്കിയാൽ ഇന്നത്തെ ലോകത്തിന് സമർപ്പിതർ വെളിച്ചം പകരും.

**കുടുംബനവീകരണത്തിനായി പ്രവർത്തിക്കണം**

സഭ ഇക്കാലഘട്ടിൽ പ്രത്യേകവിധമായി കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നു. കുടുംബങ്ങൾ അനേകം വെല്ലുവിളികൾ നേരിടുന്ന ഇന്ന് കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കാൻ കുടുംബങ്ങളെ സഹായിക്കാൻ സമർപ്പിതർ മുന്നോട്ടുവരണം. ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, വിവാഹത്തകർച്ച, മിശ്രവിവാഹങ്ങൾ, ജനനനിരക്ക് കുറയൽ, മദ്യ-മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ സമർപ്പിതർ നിലകൊള്ളണം. കുടുംബം സ്നേഹിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയും ജീവന്റെ ശുശ്രൂഷാവേദിയും സമൂഹത്തിന്റെ പുരോഗതിക്കായി

പ്രവർത്തിക്കുന്ന അടിസ്ഥാനഘടകവും ഗാർഹികസഭയുമാക്കാനാണ് സമർപ്പിതർ പ്രതിജ്ഞാബദ്ധരാകേണ്ടത്. കുടുംബകേന്ദ്രീകൃത അജപാലനത്തിന് സമർപ്പിതർ ഊന്നൽ നല്കണമെന്നർത്ഥം. ഒരു ദൈവവിളി മറ്റൊരു ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാകുകയാണല്ലോ വേണ്ടത്. ഹോം മിഷൻ, ധ്യാനങ്ങൾ, കൗൺസലിങ് എന്നിവ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റുമായി ബന്ധപ്പെട്ട്, രൂപതയിലെ പല കോൺഗ്രിഗേഷനുകൾ ഒന്നിച്ച് നടപ്പാക്കാൻ ശ്രമിക്കണം. ക്രിസ്തീയ കുടുംബങ്ങളിൽ വിശുദ്ധി നിറയാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത രണ്ടു വിശുദ്ധരെ സമർപ്പിതവർഷത്തിന്റെ ആരംഭത്തിൽ കേരളസഭയ്ക്ക് ലഭിച്ചിരിക്കുന്നതുതന്നെ അതിന് സമർപ്പിതർക്ക് പ്രചോദനമാകുന്നു.

കുടുംബങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വ്യാപിപ്പിക്കുന്നതിനും സുവിശേഷോപദേശങ്ങളുടെ വഴിയിൽ ആഴത്തിൽ സഞ്ചരിക്കുന്നതിനും കുട്ടികളിൽ ഒരാളെ കർത്താവിനു വിട്ടുകൊടുക്കാനുള്ള ഒരാഗ്രഹം മാതാപിതാക്കന്മാർ ഹൃദയത്തിൽ സൂക്ഷിക്കുകയും പ്രാർത്ഥിക്കുകയും വേണം. ദാമ്പത്യസ്നേഹത്തിന്റെ മറ്റൊരു ഫലവും ഇതിനെക്കാൾ സുന്ദരമല്ലെന്ന് ഓർക്കണം. മാതാപിതാക്കന്മാർ സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിച്ചാലേ മക്കൾക്ക് വിളി തിരിച്ചറിയാനും സ്വീകരിക്കാനും നേരിടേണ്ട ത്യാഗങ്ങളുടെ ആവശ്യം മനസ്സിലാക്കാനും കഴിയൂ. എന്തെന്നാൽ, കുടുംബത്തിലാണ് സുവിശേഷമൂല്യങ്ങളുടെയും ദൈവത്തിനും സഹോദരങ്ങൾക്കും ആത്മദാനമാകുന്ന സ്നേഹത്തിന്റെയും ആദ്യാനുഭവം കുട്ടികൾക്ക് ഉണ്ടാകുന്നത്. അത്യുന്നതമായ ആധ്യാത്മിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായി ജീവിക്കുന്നതിന് മക്കൾ സജ്ജീകൃതരാകണം (cf. സമർപ്പിതജീവിതം, 107).

**ഉപസംഹാരം**

സമർപ്പിതരുടെ ഈ വർഷം സമർപ്പിതജീവിതം കൂടുതൽ അഗാധമായി മനസ്സിലാക്കാൻ ഇടയാകട്ടെ. സഭയിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കാനുമായി പരിശുദ്ധാത്മാവ് നല്കുന്ന ദാനമാണെന്ന ഒരു ബോധ്യത്തോടെ പ്രവർത്തിക്കാനും ഇടയാകട്ടെ. സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയോടും അവളുടെ പ്രബോധനാധികാരത്തോടും ഉള്ള സമ്പൂർണഐക്യത്തിൽ





നമ്മുടെ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ ആധ്യാത്മികവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ തയ്യാറാകട്ടെ.

സമർപ്പിതവർഷം ഏറ്റവും വലിയ സമർപ്പിതയായ പരിശുദ്ധ കന്യക മറിയത്തെ അനുകരിച്ചുകൊണ്ട് ആചരിക്കാനും ആധ്യാത്മികവും അപ്പസ്തോലികവുമായ നവീകരണം സമർപ്പിതസമൂഹങ്ങൾക്ക് ഉണ്ടാകാനും ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

NB: 2014 ഡിസംബർ 14-ാം തീയതി ഈ സർക്കുലർ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**

## സമർപ്പിതവർഷ പ്രാർത്ഥനകൾ

**വി. കുർബാനയിൽ വിശ്വാസികളുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തി ചൊല്ലേണ്ടത്.**

എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നരുൾച്ചെയ്ത ഈശോയേ, അങ്ങേക്ക് പ്രത്യേകമാംവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും ഈ തിരുബലിയിൽ ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ഞങ്ങൾ ആചരിക്കുന്ന സമർപ്പിതരുടെ വർഷം തിരുസ്സഭയുടെ വളർച്ചയ്ക്കും ദൈവമഹത്വത്തിനും കാരണമാകട്ടെ. സമർപ്പിതരുടെ പ്രതിഷ്ഠാജീവിതം തിരുസ്സഭയ്ക്ക് അനുഗ്രഹവും ലോകത്തിനു രക്ഷയുമായി മാറുവാൻ ഇടയാക്കണമേ. പുതിയ സമർപ്പിത ദൈവവിളികൾ കൊണ്ട് സഭയെ അനുഗ്രഹിക്കാൻ ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.

**സമർപ്പിതസമൂഹങ്ങളിൽ ചൊല്ലേണ്ട പ്രാർത്ഥന**

സമ്പൂർണസമർപ്പണത്തിന്റെ ഉത്തമമാതൃകയും ഞങ്ങളുടെ ആത്മീയമണവാളനുമായ ഈശോയേ, അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുവി

ശേഷോപദേശങ്ങൾ ജീവിതവ്രതമായി സ്വീകരിച്ചുകൊണ്ട് അങ്ങയെ അനുകരിക്കുവാൻ അവിടന്ന് ഞങ്ങൾക്ക് നല്കിയ സന്ന്യാസം എന്ന മഹാദാനത്തിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. സ്നേഹനാഥാ, സ്നേഹത്തിൽ സ്വയം ദാനംചെയ്യുന്ന പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങ് ഞങ്ങളിൽ വന്ന് വാഴുകയും ഞങ്ങളെ സ്വന്തമാക്കുകയും ചെയ്യണമേ. പരിപൂർണസ്നേഹത്തിലൂടെ ദൈവത്തിനു മഹത്ത്വവും മനുഷ്യർക്കു സേവനവും അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ ദൈവവിളികൾക്കും വേദിയായ ഞങ്ങളുടെ കുടുംബങ്ങളെ സ്നേഹത്തിലും ഐക്യത്തിലും വളർത്തണമേ. ഞങ്ങളുടെ മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ലൗകികമായ യാതൊരു ശക്തിക്കും എടുത്തുമാറ്റാൻ കഴിയാത്ത പ്രത്യാശയുടെ അടയാളമായി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

**സമർപ്പിതർക്കുവേണ്ടിയുള്ള കുടുംബങ്ങളിൽ ചൊല്ലേണ്ട പ്രാർത്ഥന**

സമ്പൂർണസമർപ്പണത്തിന്റെ ഉത്തമ മാതൃകയായ ഈശോയേ, ലോകം മുഴുവനിലുമുള്ള എല്ലാ സമർപ്പിതരേയുമോർത്ത് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. അങ്ങയുടെ അളവില്ലാത്ത അനുഗ്രഹം അനുനിമിഷം അവരിലേക്ക് വർഷിച്ചാലും. അവിടത്തെ വിശാലമായ വിളഭൂമിയിൽ വേലചെയ്യുവാൻ വേണ്ട ആത്മശരീരനൈർമ്മല്യവും അങ്ങയിൽ ദൃഷ്ടിയുറപ്പിച്ച് അങ്ങയുടെ കാലടികൾ പിൻതുടരുവാൻ വേണ്ട ആത്മീയകരുത്തും ആരോഗ്യവും അവർക്കു നല്കണമേ. നാടും വീടും ഉപേക്ഷിച്ച് വിദൂരസ്ഥലങ്ങളിൽ അങ്ങേക്കായി അദ്ധ്വാനിക്കുന്ന സമർപ്പിതർക്ക് അങ്ങേ തിരുഹൃദയത്തിൽ സംരക്ഷണമേകണമേ. വിശുദ്ധരാകുവാനും അനേകരെ വിശുദ്ധിയിലേക്ക് നയിക്കുവാനുമുള്ള അവരുടെ പരിശ്രമങ്ങളെ ഫലസമ്പൂർണമാക്കണമേ. സമർപ്പിതജീവിതത്തിന്റെ ഫലങ്ങളാസ്വദിച്ചുകൊണ്ട് അങ്ങയെ അടുത്തനുകരിക്കുവാൻ ഇനിയും ധാരാളം മക്കളെ ഈ ജീവിതാന്തസ്സിലേക്ക് വിളിക്കണമേ. കർത്താവായ ക്രിസ്തു വഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ. ആമ്മേൻ.

## സമർപ്പിതരുടെ വർഷത്തിൽ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ

1. സമർപ്പിതവർഷത്തിന്റെ കെ.സി.ബി.സി. തലത്തിലുള്ള ഉദ്ഘാടനം 2014 ഡിസംബർ 9-നാണ്. അഭിവന്ദ്യപിതാക്കന്മാരും കെ.സി.സി. അംഗങ്ങളും കെ.സി.എം.എസ്.-സി.ആർ.ഐ. ഭാരവാഹികളും കെ.സി.എം.എസ്. മേജർ സുപ്പീരിയേഴ്സും പങ്കെടുക്കും.
2. ഇതിനുശേഷം ഇടവകയിലും രൂപതയിലും ഓരോ ദിവസം ഉദ്ഘാടനം





നടത്തുന്നത് അഭികാമ്യമാണ്. വിശുദ്ധ കുർബാന, പൊതുസമ്മേളനം എന്നിവ ഉചിതമാണ്.

3. സമർപ്പിതർക്കുവേണ്ടി ഈ വർഷം വിശുദ്ധ ബലിയിലെയും യാമപ്രാർത്ഥനകളിലെയും വിശ്വാസികളുടെ പ്രാർത്ഥനയിൽ കൂട്ടിച്ചേർക്കാൻ ഒരു പ്രാർത്ഥന പൊതുവായി തയ്യാറാക്കി നല്കുന്നു.
4. കുടുംബങ്ങളിൽ സമർപ്പിതർക്കുവേണ്ടി കുടുംബപ്രാർത്ഥനയോടുകൂടി പ്രാർത്ഥിക്കണം. അതിനുള്ള പ്രാർത്ഥന ഇതോടൊപ്പം അയയ്ക്കുന്നു.
5. ഇടവകയിൽ സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് ഒരു ദിവസം മാറ്റിവയ്ക്കുന്നത് നല്ലതാണ്. സമർപ്പിതരും, അല്മായരും, വൈദികരും ഒന്നിച്ച്, ദിവ്യബലി, യാമപ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, ജപമാല. വിജിൽ... എന്നിവ നടത്താവുന്നതാണ്.
6. സമർപ്പിതദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഈ വർഷം പ്രത്യേകം ശ്രദ്ധിക്കണം. അതിന് ചെയ്യാവുന്ന കാര്യങ്ങൾ.

a) പ്രത്യേകം പ്രാർത്ഥിക്കുക.

b) യുവതീയുവാക്കൾക്കും കൗമാരക്കാർക്കും സന്ന്യാസജീവിതത്തെക്കുറിച്ചും വിവിധ സന്ന്യാസസമൂഹങ്ങളെക്കുറിച്ചും പഠനശിബിരങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കുക.

c) ഇടവക - ഫൊറോന തലങ്ങളിൽ സമർപ്പിതദൈവവിളി സ്വീകരിച്ചിട്ടുള്ളവരെയും ഇടവകയിൽ പ്രവർത്തിക്കുന്ന സമർപ്പിതരെയും ഒന്നിച്ചുകൂട്ടി അനുമോദിക്കുക, അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരമൊരുക്കുക.

d) യുവതീയുവാക്കൾ സന്ന്യസ്തഭവനങ്ങൾ സന്ദർശിക്കാനും ജീവിതക്രമങ്ങൾ കണ്ടു മനസ്സിലാക്കാനും പ്രാർത്ഥിക്കാനും അവസരമൊരുക്കുക.

7. സമർപ്പിതരെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ പഠനവിഷയമാക്കുക. അവയെക്കുറിച്ച് പഠനശിബിരങ്ങളും ഉപന്യാസമത്സരങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ഉദാ. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ: തിരുസ്സഭ, സന്ന്യസ്തജീവിതനവീകരണം. വിശുദ്ധ ജോൺപോൾ രണ്ടാമൻ: സമർപ്പിതജീവിതം, അധികാരവും ശുശ്രൂഷയും.
8. ഇടവക പ്രവർത്തനത്തിൽ സമർപ്പിതരെ സജീവമായി ഉൾപ്പെടുത്തുക. പ്രവർത്തനങ്ങൾ നിർദ്ദേശിച്ചു കൊടുക്കുക.
9. സമർപ്പിതർ, പ്രത്യേകിച്ച് സിസ്റ്റേഴ്സ് കുടുംബനവീകരണം ലക്ഷ്യംവച്ച് പ്രവർത്തിക്കുക. കൗൺസലിങ്, ഹോം മിഷൻ, ധ്യാനങ്ങൾ എന്നിവ നടത്തുക.
10. ജോലിക്കായി വടക്കേ ഇന്ത്യയിൽനിന്ന് കേരളത്തിലേക്ക് വന്നിട്ടുള്ളവർക്ക് അജപാലനവും സുവിശേഷവും നീതിനിഷ്ഠമായ വേതനവും ജീവിതസൗകര്യങ്ങളും ഉറപ്പാക്കാൻ സമർപ്പിതർ പ്രവർത്തിക്കുക.

## GEORGE CARDINAL ALENCHERRY

*Major Archbishop of the Syro-Malabar Church*

Prot. No. 2015/2014 3 November 2014

Dear Archbishops and Bishops,

The XXII(2014) Session 1 decided to include the commemoration of St. Joseph in the invariable part of the *Onitha d'Raze* with prior approval of the Apostolic See. The Apostolic See has given the recognition for this decision as follows:

> By a letter of 26 February 2014 (Prot. No.383/2014), Your Beatitude sought the *recognitio* of the Holy See for the introduction of a commemoration of St. Joseph, Spouse of the Holy Mother of God, into the pre-anafora (invariable part of the *Onitha d'Razey* of the Taksa of the Qurbana of Mar Addai and Mari. This proposal corresponds to the deeply rooted devotion to the Guardian of Our Lord that is already found among the Syro-Malabar faithful. After due consideration, this Dicastery has no objection to the request, which seems particularly timely in our day as evidenced by a similar step recently taken in the Latin Church.

The Commission for Liturgy has given the formulation of the prayer including the name of St. Joseph as follows:

When recited: **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തിന്റെയും നീതിമാനായ മാർ യൗസേപ്പിന്റെയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.**

When sung: **താതനുമതുപോലാത്മജനും**
**ദിവ്യറൂഹായ്ക്കും സ്തുതിയെന്നും.**
**ദൈവാംബികയേയും**
**മാർ യൗസേപ്പിനെയും**
**സാദരമോർത്തീടാം**
**പാവനമീ ബലിയിൽ**

Therefore, I hereby communicate to you that this change of prayer in the invariable part of the *Onitha d'Raze* of the Holy Qurbana will come into use from the First Sunday of the Mangalavarthakalam of 2014 onwards.

+GAlencherry

**George Cardinal Alencherry**
Major Archbishop of the Syro-Malabar Church





437/2014
28 -11-2014

## വിജ്ഞാപനം - 126
## ജനപ്രകാശം

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

പാലക്കാട് രൂപതയുടെ റൂബി ജൂബിലി വേളയിൽ പ്രസിദ്ധീകരണം ആരംഭിച്ച 'ജനപ്രകാശം" എന്ന രൂപതയുടെ വാർത്താപത്രം ഇതിനകം എല്ലാ കുടുംബങ്ങളിലും ലഭ്യമായിട്ടുള്ളതാണ്. രൂപതയുടെ ജൂബിലിയും എപ്പാർക്കിയൽ അസംബ്ലിയുമായി ബന്ധപ്പെട്ട ചർച്ചകളിലും ഉയർന്നുവന്ന ചിന്തയാണ്, രൂപതയിലെ എല്ലാ വീടുകളിലേക്കും എത്തിക്കുന്നവിധത്തിൽ ഒരു പത്രം ആരംഭിക്കണമെന്നകാര്യം. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട തലങ്ങളിൽ ചർച്ച ചെയ്തു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് നാം പത്രം ആരംഭിച്ചത്. ഈ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുകയെന്നതാണ് ജനപ്രകാശത്തിന്റെ ലക്ഷ്യം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ജനതകളുടെ പ്രകാശം'(lumen Gentium)എന്ന പ്രധാനപ്പെട്ട പ്രമാണരേഖയുടെ ചൈതന്യം സ്വീകരിച്ചുകൊണ്ടാണ് 'ജനപ്രകാശം' എന്ന് പത്രത്തിന് പേര് നൽകിയിരിക്കുന്നത്. ക്രിസ്തുവാണ് ജനതകളുടെ പ്രകാശം. ആ പ്രകാശം ഏറ്റുവാങ്ങി പ്രകാശിക്കുകയും പ്രകാശം പരത്തുകയും ചെയ്യേണ്ടവരാണ് നമ്മൾ. "മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ" (മത്താ. 5.16) എന്ന രക്ഷകന്റെ ആഹ്വാനമാണ് 'ജനപ്രകാശം' അതിന്റെ ദൗത്യമായി ഏറ്റെടുത്തിരിക്കുന്നത്. നമ്മുടെ സത്പ്രവർത്തികൾ ലോകത്തിന്റെ പ്രകാശമായി പ്രത്യക്ഷപ്പെടേണ്ടതാണ്. വിശ്വാസ സമൂഹത്തിന്റെ നന്മനിറഞ്ഞ വാർത്തകൾ തമസ്കരിക്കുന്ന പ്രവണതയാണ് അധികം മാധ്യമങ്ങളിലും കണ്ടുവരുന്നത്. സ്വാതന്ത്ര്യത്തോടും ധീരതയോടും കൂടെ നന്മയുടെ സത്‌വാർത്തകൾ പ്രഘോഷിക്കാനും തിന്മയുടെ അന്ധകാരത്തിൽ നിന്നും നന്മയുടെ ആത്മവിശ്വാസം നല്കുന്ന വെളിച്ചത്തിലേക്ക് സഭാതനയരെ സദാ വഴിനടത്തുവാനുമാണ് ജനപ്രകാശം ആഗ്രക്കുന്നത്.

മതബോധനത്തിന്റെ തുടർച്ചകൂടിയാണ് ഈ പ്രസിദ്ധീകരണം. ക്രൈസ്തവമൂല്യങ്ങളിൽ അധിഷ്ഠിതമായ വാർത്തകളിലൂടെയും

ലേഖനങ്ങളിലൂടെയും മറ്റുസാഹിത്യ രചനകളിലൂടെയും വിശ്വാസികളുടെ മനസ്സിനെ പ്രത്യാശയിലും സുവിശേഷാനന്ദത്തിലും ആയിരിക്കുവാൻ സഹായിക്കുക പത്രത്തിന്റെ ലക്ഷ്യമാണ്. സമകാലിക സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ മേഖലകളെ വിലയിരുത്തുന്നതോടൊപ്പം സഭയുടെ വിശ്വാധിഷ്ഠിത പഠനങ്ങൾ, ധാർമ്മിക മനഃശാസ്ത്ര വിഷയങ്ങൾ, കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും അനുയോജ്യമായ മതബോധനപംക്തികൾ, തിരുസ്സഭാവാർത്തകൾ, രൂപതാവാർത്തകൾ, ഇടവക- സംഘടനാവാർത്തകൾ, കൃഷി - വാണിജ്യ പംക്തികൾ, നിയമ - കാനൻ നിയമ, ബൈബിൾ സംശയനിവാരണ പംക്തികൾ, കുടുംബസമ്മേളന ചർച്ചാവിഷയങ്ങൾ, ആരോഗ്യ, തൊഴിൽ, വിദ്യാഭ്യാസ പംക്തികൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന സമഗ്രവും ആധികാരികവുമായ വാർത്താപത്രമായാണ് നാം ജനപ്രകാശത്തെ വിഭാവനം ചെയ്യുന്നത്.

വിശ്വാസപരിശീലനവേദി ഒരുക്കുന്ന വേദപ്രകാശം എന്ന പേജ് എല്ലാ വിദ്യാർത്ഥികളും മതാധ്യാപകരും ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്. പരിശീലനവേദിയുടെ എല്ലാ പരീക്ഷകളിലും പത്തുമാർക്കിനുള്ള ചോദ്യങ്ങൾ ഈ പേജിൽനിന്നായിരിക്കും എന്ന കാര്യം അറിയിക്കുന്നു. ജനുവരിമാസം മുതൽ കുടുംബസമ്മേളനത്തിനുള്ള ചർച്ചാവിഷയങ്ങൾ പത്രത്തിലൂടെ കുടുംബപ്രേഷിതത്വ വിഭാഗം നല്കുന്നതായിരിക്കും. നവംബർ മാസത്തിൽ സമ്മേളിച്ച രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലി ജനപ്രകാശത്തിന്റെ പ്രവർത്തനം വളരെ വിലപ്പെട്ടതാണെന്നും വിലയിരുത്തുകയുണ്ടായി. അസംബ്ലിയുടെ നിർദ്ദേശമനുസരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സാധ്യതകൾ അറിയിക്കാനും ഭവന- ചികിത്സാ കാരുണ്യ പദ്ധതികൾ, പ്രോ-ലൈഫ്, മദ്യവിരുദ്ധ പ്രവർത്തനനങ്ങൾ എന്നിവ നടപ്പിലാക്കാനും, രൂപത ജനപ്രകാശത്തിലൂടെ പരിശ്രമിക്കുന്നതാണ്.

പത്രത്തിന്റെ നടത്തിപ്പിനായി ജനപ്രകാശം ചാരിറ്റബിൾ ട്രസ്റ്റ് നാം രൂപീകരിച്ചിട്ടുണ്ട്. എഡിറ്റോറിയൽ ബോർഡും മാർക്കറ്റിംങ്ങ് സർക്കുലേഷൻ വിഭാഗങ്ങളും അനുബന്ധ സംവിധാനങ്ങളും തയ്യാറായിക്കഴിഞ്ഞു. ആയുർപാലന ആശുപത്രിയോടുചേർന്ന് പ്രവർത്തിക്കുന്ന സാൻജോ മീഡിയ സെന്ററിലാണ് പത്രത്തിന്റെ ഓഫീസ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്. ഇടവകതലത്തിൽ പത്രത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് ഓരോ ഇടവകയിലും ഒരു





പാരിഷ് മീഡിയ പേഴ്സനെ തിരഞ്ഞടുത്ത് നിയോഗിക്കേണ്ടതാണ്. അദ്ദേഹം വികാരിയച്ചനെ പത്രത്തിന്റെ വാർത്താശേഖരണം, പരസ്യസമാഹരണം, വിതരണമേൽനോട്ടം എന്നീ കാര്യങ്ങളിൽ സഹായിക്കേണ്ടതാണ്. അവരുടെ ചുമതലകളെക്കുറിച്ച് അറിവുനൽകുന്നതിനായി ഫൊറോനതലങ്ങളിൽ യോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വർഷത്തിലൊരിക്കൽ രൂപതാതലത്തിൽ പാരിഷ് മീഡിയ പേഴ്സൺസ് ആയി ശുശ്രൂഷ ചെയ്യുന്നവരെ വിളിച്ചുചേർക്കുന്നതും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതുമാണ്. അവർ പത്രത്തിന്റെ എല്ലാ ആവശ്യങ്ങൾക്കുമായി പത്രത്തിന്റെ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്.

വിവിധ വിഷയങ്ങളെക്കുറിച്ച് എഴുതുവാൻ താല്പര്യമുള്ളവർക്ക് അവരുടെ രചനകൾ പത്രത്തിലേക്ക് അയക്കാവുന്നതാണ്. പ്രസിദ്ധീകരണയോഗ്യമായവ പത്രത്തിൽ ഉപയോഗിക്കുന്നതാണ്. വിവാഹം, വാർഷികങ്ങൾ, ജൂബിലി, ആഘോഷമായ കൂദാശാ സ്വീകരണങ്ങൾ എന്നിവയുടെ പരസ്യങ്ങളും മറ്റു പരസ്യങ്ങളും നല്കി എല്ലാവരും പത്രത്തിന്റെ സാമ്പത്തികമായ ക്രമീകരണങ്ങളിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരസ്യനിരക്കുകളും മറ്റുവിവരങ്ങളും അറിയുന്നതിന് പാരിഷ് മീഡിയ പേഴ്സനെ ബന്ധപ്പെടേണ്ടതാണ്. പത്രത്തിന് പ്രതിവർഷം 50 രൂപ നാം വരിസംഖ്യയായി നിശ്ചയിച്ചിട്ടുണ്ട്. എല്ലാ കുടുംബങ്ങളും ഈ തുക നല്കി ജനപ്രകാശം പത്രത്തോട് സഹകരിക്കുമല്ലോ. ഭവനങ്ങളുടെ എണ്ണമനുസരിച്ചുള്ള തുക സമാഹരിച്ച് ഇടവകയിൽനിന്ന് ഒന്നായി പത്രാഫീസിൽ അടയ്ക്കുന്നതാണ് അഭികാമ്യം. ഏതാനും ഇടവകകൾ ഇതിനകം വരിസംഖ്യ സമാഹരിച്ചുനല്കിയത് സന്തോഷകരമായ കാര്യമാണ്. നമ്മുടെ പത്രത്തിന്റെ വിജയം നമ്മുടെ അർപ്പണമനോഭാവത്തിലും കുടുംബങ്ങളിൽ പത്രത്തിന്റെ സ്വീകാര്യതയിലുമാണെന്ന് മറക്കാതിരിക്കാം. മാസത്തിന്റെ ആദ്യ ആഴ്ചയിൽ പ്രസിദ്ധീകരിക്കുന്ന പത്രം കുടുംബക്കൂട്ടായ്മകൾവഴി എല്ലാ ഭവനങ്ങളിലും എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ഇടവകയിലെയും കുടുംബ യൂണിറ്റുകളുടെ എണ്ണവും ഭനങ്ങളുടെ എണ്ണവും നിർദ്ദിഷ്ട ഫോമിൽ ഓഫീസിൽ അറിയിച്ചാൽ മാത്രമേ പത്രം ഭവനങ്ങളുടെ എണ്ണമനുസരിച്ച് യൂണിറ്റു ഭാരവാഹികളെ ഏല്പ്പിക്കാൻ സാധിക്കുകയുള്ളൂ. പാലക്കാട് രൂപതയിലെ എല്ലാ കുടുംബങ്ങളും ജനപ്രകാശം പത്രം വായിക്കാൻ

താല്പര്യമെടുക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

യേശുവിന്റെ തിരുപ്പിറവിയുടെ ഓർമ്മ പുതുക്കുന്നതിനായി നാം ഒരുങ്ങുകയാണല്ലോ. അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ കണ്ട വലിയ പ്രകാശമായിരുന്നു അവിടുന്ന്. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഉദയം ചെയ്ത ദീപ്തിയായിരുന്നു അവിടുന്ന് (മത്താ. 4:16). എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമായിരുന്നു അവിടുന്ന് (യോഹ. 1:9). ജനപ്രകാശമായ യേശുവിൽ വിശ്വസിക്കുന്ന നമ്മൾ ലോകത്തിന്റെ പ്രകാശമായി തീരേണ്ടവരാണ് (മത്താ. 5:14). അവിടുത്തെ വചനം നമ്മുടെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാകേണ്ടതാണ് (സങ്കീ. 110:105). നമ്മുടെ സത്പ്രവൃത്തികൾകണ്ട് എല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുവാൻ ഇടയാകേണ്ടതാണ് (മത്താ. 5:16). പ്രകാശമാകേണ്ടവരും പ്രകാശമേകേണ്ടവരുമാണ് നമ്മൾ. യേശുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മെയും നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെയും നാം നവീകരിക്കണം. ജനപ്രകാശമായ അവിടുത്തേയ്ക്ക് സാക്ഷ്യംവഹിച്ചു ജീവിക്കണം. അതിനുനമ്മെ സഹായിക്കുക തന്നെയാണ് ജനപ്രകാശം എന്നപേരിൽ പ്രസിദ്ധീകരിക്കുന്ന പത്രത്തിന്റെയും ലക്ഷ്യം. ആ ലക്ഷ്യം പ്രാപിക്കുവാൻ നമുക്ക് സഹകരിച്ചു പ്രവർത്തിക്കാം. ജനപ്രകാശമായ ഈശോ അതിന് നമ്മെ അനുഗ്രഹിക്കട്ടെ.

നിങ്ങൾക്കെല്ലാവർക്കും പത്രത്തിന്റെ എല്ലാ അനുവാചകർക്കും പിറവിത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങളും പ്രാർത്ഥനാശംസകളും ഞാൻ സ്നേഹപൂർവ്വം നേരുന്നു.

നിങ്ങളുടെ വത്സലപിതാവ്

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ വിജ്ഞാപനം **2014 ഡിസംബർ 7-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.








**2014 December**

| | | |
|---|---|---|
| 3 | | Inter Curia Meeting, Bishop's House |
| 4 | AM | Sehion Retreat Centre, Thavalam |
| | PM | Holy Trinity Convent, Mannarkkad |
| 6 | 10.30AM | Presbyteral Council Meeting |
| | PM | Marian College, Koduvayur |
| 9-11 | | KCBC Meeting |
| 13 | PM | Don Bosco, Othungode |
| 16 | | Monthly Recollection |
| 17 | AM | FCC Jubilee, Cathedral |
| | PM | Sreekrishnapuram |
| 19 | | Sinai Retreat Centre |
| 20 | | Meeting, Pastoral Centre |
| 21 | | Meeting, Town Hall |
| 27 | 9.30AM | Ordination, Nemmara |
| 28 | | Prathiba Sangamam, Mt. St. Thomas, Kakkanad |
| 29 | 9.30AM | Ordination, Ponnore, Thrissur |
| 30 | 9.30AM | Ordination, Karimba |
| | 2.00PM | Ordination, Ponnamkode |
| 31 | 9.30AM | Ordination, Olavakode |
| | 2.30PM | Ordination, Jellippara |

**2014 January**

| | | |
|---|---|---|
| 1 | 9.30AM | Ordination, Rajagiri |
| 3 | 9.30AM | Ordination, Kadambur |
| 4 | PM | St. Raphael's Cathedral, Palakkad |
| 5-9 | | Synod, Mt. St. Thomas, Kakkanad |
| 10 | | Ollur |
| 11 | | Good Shepherd Church, Kanjikode |
| 12 | 9.30AM | Ordination, Neethipuram |




**തിരുനാൾ ആഘോഷവും സമർപ്പിതവർഷ ഉദ്ഘാടനവും**

വിശുദ്ധരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെയും എലുവത്തിങ്കൽ എവുപ്രാസ്യാമ്മയുടെയും രൂപതാതലത്തിലുള്ള തിരുനാൾ ആഘോഷം ജനുവരി 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കത്തീഡ്രൽ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. തദവസരത്തിൽ തന്നെ സമർപ്പിതവർഷത്തിന്റെ രൂപതാതല ഉദ്ഘാടനവും നടത്തപ്പെടുന്നതാണ്. തൽസംബന്ധമായ വിശദവിവരങ്ങൾ 6-ാം തിയ്യതിയിലെ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിനുശേഷം അറിയിക്കുന്നതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

**ആദരാഞ്ജലികൾ**

ഫാ. സെബാസ്റ്റ്യൻ ഇരിമ്പൻ, ഡിസംബർ 8

**ജൂബിലി മംഗളങ്ങൾ**

പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ബഹു. ജോർജ്ജ് തെരുവൻകുന്നേലച്ചനും ബഹു. സേവ്യർ മാറാമറ്റത്തിലച്ചനും പാലക്കാട് രൂപതയുടെ പ്രാർത്ഥനാശംസകൾ

**വൈദികരുടെ മാസധ്യാനം**

ഡിസംബർ 16-ാം തിയ്യതി വൈദികരുടെ മാസധ്യാനം രൂപതാകാര്യാലയത്തിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

**തിരുപ്പട്ടം**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന നെന്മാറ ഇടവകാംഗം ഡീ. ടോണി അറക്കൽ, തൃശ്ശൂർ പൊന്നൂർ ഇടവകാംഗം ഡീ. ലിവിൻ ചുങ്കത്ത്, കരിമ്പ ഇടവകാംഗം ഡീ. ജോബിൻ കാഞ്ഞിരത്തിങ്കൽ, പൊന്നംകോട് ഇടവകാംഗം ഡീ. ജെയിംസ് കാവാലത്ത്, ഒലവക്കോട് ഇടവകാംഗം ഡീ. റെന്നി പൊറത്തൂർ, കടമ്പൂർ ഇടവകാംഗം ജിതിൻ വേലിക്കകത്ത് എന്നിവരെ പ്രാർത്ഥനയിൽ ഓർക്കുക.





**വിവാഹമുടക്കം**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായ നോമ്പായതിനാൽ ആ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾ അനുവദനീയമല്ല.

**നിത്യാരാധന കപ്പേള**

ഡിസംബർ 24, 25, 26 തീയതികളിൽ പാലക്കാട് നിത്യാരാധനാ കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

**Marriage Preparation Course Certificate**

2014 ആഗസ്റ്റ് 19 മുതൽ 31 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന 22-ാം സീറോമലബാർ സിനഡിന്റെ തീരുമാനം അനുസരിച്ച് അറബ് ഗൾഫുരാജ്യങ്ങളിലുള്ള സീറോമലബാർ വിശ്വാസികളുടെ പ്രത്യേകമായ അജപാലന സാഹചര്യങ്ങൾ കണക്കിലെടുത്ത് Vicars Apostolic of the Northern Southern Arabia നടത്തുന്നതും അവരുടെ അംഗീകാരമുള്ളതുമായ വിവാഹത്തിനൊരുക്കമായ കോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ നാം അംഗീകരിക്കുന്നതാണ്.

## പ്രഥമ എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട്

'പ്രവർത്തനനിരതമായ വിശ്വാസം ക്രിസ്തുസാക്ഷ്യത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി പാലക്കാട് രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലി 2014 നവംബർ 10 മുതൽ 13 വരെ യുവക്ഷേത്രയിൽ വച്ച് നടത്തപ്പെട്ടു. ബഹു. ഡൊമിനിക് ഐപ്പൻപറമ്പിലച്ചൻ നയിച്ച പരിശുദ്ധ കുർബാനയുടെ ആരാധനയും അഭിവന്ദ്യപിതാവിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയും എപ്പാർക്കിയൽ അസംബ്ലിയ്ക്ക് ആത്മീയ പശ്ചാത്തലമൊരുക്കി.

വിശ്വാസത്തെ കാലഘട്ടത്തിനനുസരിച്ച് സഭ പുനരവതരിപ്പിക്കണമെന്നും മൂല്യം നഷ്ടമാകാതെ കാലാനുസൃതമായ നവീകരണം സഭയിൽ നടപ്പാക്കണമെന്നും ഫരീദബാദ് രൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് കുര്യാക്കോസ് ഭരണിക്കുളങ്ങര എപ്പാർക്കിയൽ അസംബ്ലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കുടുംബത്തിലെ വിശ്വാസത്തിനു തകർച്ചവന്നാൽ അത് തലമുറകളുടെ തകർച്ചയ്ക്ക് വഴിവെക്കുമെന്നും സ്കൂളുകളും സ്ഥാപനങ്ങളും സുവിശേഷവത്ക്കരണത്തിന് പ്രാധാന്യം നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നവീകരണം നമ്മിൽനിന്നുതന്നെ ആരംഭിക്കണമെന്ന് എപ്പാർക്കിയൽ

അസംബ്ലിയിൽ അദ്ധ്യക്ഷതവഹിച്ച് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പ്രസ്താവിച്ചു. ഉപരിപ്ലവ വിശ്വാസജീവിതം നയിക്കുന്നവരും വിശ്വാസത്തിൽനിന്ന് അകന്നുനിൽക്കുന്നവരും സഭയുടെ വെല്ലുവിളികളാണെന്നും പിതാവ് കൂട്ടിച്ചേർത്തു.

ഏഴു വിഷയങ്ങളാണ് അസംബ്ലിയിൽ അവതരിപ്പിച്ചതും ചർച്ചചെയ്തതും

1. സുവിശേഷവത്ക്കരണവും വിശ്വാസകൈമാറ്റവും ക്രിസ്തുസാക്ഷ്യത്തിന്റെ പൂർണ്ണതയ്ക്ക്
2. അജപാലനശുശ്രൂഷയും ദൈവരാജ്യസംസ്ഥാപനവും
3. കുടുംബപ്രേഷിതത്വവും ക്രിസ്തു സാക്ഷ്യവും
4. വിശ്വാസപരിശീലനവും ക്രിസ്തു സാക്ഷ്യവും
5. സാമൂഹിക കാർഷിക മേഖലകളിലെ വെല്ലുവിളികൾ
6. വിദ്യാഭ്യാസ ആതുര ശുശ്രൂഷമേഖലകളിലൂടെയുള്ള പ്രേഷിതപ്രവർത്തനവും ക്രിസ്തുസാക്ഷ്യവും
7. സമർപ്പിതജീവിതവും പ്രേഷിതാഭിമുഖ്യവും

അസംബ്ലിയുടെ രണ്ടാം ദിവസം, അജപാലന ശുശ്രൂഷയും ദൈവരാജ്യസംസ്ഥാപനവുമെന്ന വിഷയത്തിൽ ചങ്ങനാശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. മാണി പുതിയിടം പ്രബന്ധം അവതരിപ്പിച്ചു. വിശ്വാസികളും അജപാലകരും വിശ്വാസസത്യങ്ങളുടെ സംരക്ഷകരാകണമെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ക്രൈസ്തവ വിശ്വാസ രഹസ്യങ്ങളെക്കുറിച്ച് ആഴമേറിയ അവബോധം വിശ്വാസികൾക്ക് ലഭിക്കത്തക്ക സംവിധാനം രൂപതാതലത്തിൽ ക്രമീകരിക്കണെന്ന് മോൺസിഞ്ഞോർ സൂചിപ്പിച്ചു.

ഓരോ ക്രൈസ്തവനും സുവിശേഷ പ്രഘോഷകനാണെന്നും, ഈ ദൗത്യത്തിൽനിന്ന് ആർക്കും ഒളിച്ചോടാൻ ആകില്ലെന്നും 'സുവിശേഷവത്ക്കരണവും വിശ്വാസകൈമാറ്റവും ക്രിസ്തുസാക്ഷ്യത്തിന്റെ പൂർണ്ണതയ്ക്ക് എന്ന പ്രബന്ധം അവതരിപ്പിച്ച ബഹു. ഡോ. ക്രിസ്റ്റി പള്ളിയോടിയച്ചൻ പ്രസ്താവിച്ചു. 'കുടുംബപ്രേഷിതത്വവും ക്രിസ്തു സാക്ഷ്യവും' എന്നവിഷയത്തിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജ് പ്രൊഫസർ ശ്രീ. കെ.എം. ഫ്രാൻസീസ് പ്രബന്ധം അവതരിപ്പിച്ചു. കുടുംബമാണ് സഭയുടെ മർമ്മം. കുടുംബത്തിന്റെ സർവ്വതോന്മുഖമായ സമുദ്ധാരണത്തിന് സഭയിലെ എല്ലാ ഘടകങ്ങളും കൂട്ടായി ഉണർന്നുപ്രവർത്തിക്കണമെന്ന് പ്രൊഫസർ ഉദ്ബോധിപ്പിച്ചു.

നാലാമത്തെ പ്രബന്ധമായ 'വിശ്വാസപരിശീലനവും ക്രിസ്തുസാക്ഷ്യവും' എന്നതിനെ അടിസ്ഥാനമാക്കി എറണാകുളം വിശ്വാസപരിശീലന ഡയറക്ടറായ ഡോ. ജിമ്മി പൂച്ചക്കാട്ടച്ചൻ പഠനരേഖ അവതരിപ്പിച്ചു.





പ്രവർത്തനനിരതമായ വിശ്വാസമാണ് ക്രൈസ്തവസാക്ഷ്യത്തിന് ആവശ്യം. വിശ്വാസപരിശീലനത്തിലൂടെ മാത്രമെ അത് സാധ്യമാകു. ഒരു ക്രൈസ്തവന്റെ വിശ്വാസപരിശീലനം അമ്മയുടെ ഉദരത്തിൽ ഉരുവാക്കപ്പെടുന്ന നിമിഷംമുതൽ ആരംഭിച്ച് മരണംവരെ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ്. ഈ പ്രക്രിയയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കുടുംബത്തിൽനിന്ന് കിട്ടുന്ന വിശ്വാസപാരമ്പര്യങ്ങളും ഇടവകയെ കേന്ദ്രീകരിച്ചുള്ള വിശ്വാസപരിശീലനവുമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

അസംബ്ലിയുടെ മൂന്നാംദിവസം 'സാമൂഹിക കാർഷിക മേഖലകളിലെ' വെല്ലുവിളികൾ എന്നവിഷയത്തിൽ കോട്ടയം അതിരൂപതാംഗം ബഹു. മൈക്കിൾ വെട്ടിക്കാട്ട് പ്രബന്ധം അവതരിപ്പിച്ചു. ദരിദ്രന് നീതിനിഷേധിക്കപ്പെടരുത്; പാവപ്പെട്ടവന്റെയും പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെയും കൂടെ യേശു ക്രിസ്തുവിന്റെ കരുണാമനോഭാവത്തോടെ നല്ല സമരിയാക്കാരനായി സഭ എപ്പോഴും ഉണ്ടായിരിക്കണം; സാമൂഹ്യപ്രതിബദ്ധത വിശ്വാസത്തിന്റെ മാനദണ്ഡമാകണം; പ്രകൃതിയുടെയും സൃഷ്ടവസ്തുക്കളുടെയും പരിപാലനം ഉറപ്പുവരുത്തുന്ന പരിസ്ഥിതി സംരക്ഷണത്തിൽ സഭ ഉത്സുകയാകണം; കാർഷികമേഖലയിൽ പുത്തൻ സംസ്കാരവും മുന്നേറ്റവും വളർത്തിയെടുക്കാൻ സഭ നേതൃത്വം നൽകണം. സമൂഹത്തിലെ വിവിധ തുറകളിലുള്ള രാഷ്ട്രീയ, ഉദ്യോഗസ്ഥ ഭരണനിർവ്വഹണ വ്യക്തികളുമായുള്ള നിരന്തരബന്ധം (advocacy) എന്നീ കാലിക പ്രശ്നങ്ങൾ അദ്ദേഹം സവിസ്തരം പ്രതിപാദിച്ചു.

നവോത്ഥാന നായകരെ സൃഷ്ടിക്കുന്നതാകണം നമ്മുടെ വിദ്യാഭ്യാസമെന്ന് 'വിദ്യാഭ്യാസവും ആതുരസേവനവും' എന്ന വിഷയത്തിൽ പ്രബന്ധമവതരിപ്പിച്ച് പാലാ രൂപതയുടെ കോർപ്പറേറ്റ് മാനേജർ ബഹു. മാത്യു ചന്ദ്രൻകുന്നേൽ അച്ചൻ പറഞ്ഞു. ഗുണമേന്മയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കുട്ടികൾക്ക് നല്കണം. മൂല്യങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടാണ് ധാർമ്മികതയില്ലാത്ത തലമുറ തലപൊക്കുന്നത്. സഭയുടെ വിദ്യാഭ്യാസ സംഭാവനകൾ ലോകനിലവാരത്തിലേയ്ക്ക് എത്തിക്കണം വിദ്യാഭ്യാസം ജനകീയവും സുതാര്യവും മൂല്യാധിഷ്ഠിതവുമാക്കിയ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാതൃക നമ്മൾ അനുകരിക്കണമെന്ന് ബഹു. അച്ചൻ അനുസ്മരിച്ചു.

'സമർപ്പണജീവിതവും പ്രേഷിതാഭിമുഖ്യവും' എന്നവിഷയം ഹോളി ഫാമിലി എറണാകുളം ജീവൻജ്യോതി പ്രോവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. സ്മിത കാവുങ്കൽ അവതരിപ്പിച്ചു. യേശു സുവിശേഷത്തിന്റെ സന്ദേശം ലോകത്തിന് അനുഭവവേദ്യമാക്കുവാൻ സമർപ്പിതർ കാല

ഘട്ടത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും തിരിച്ചറിയുന്നവരാകണമെന്നും അടുത്തുവരുന്ന സമർപ്പിതവർഷത്തിൽ ഇത് സമഗ്രപഠനത്തിന് വിഷയമാക്കണമെന്നും ബഹു. സിസ്റ്റർ കൂട്ടിച്ചേർത്തു.

എപ്പാർക്കിയൽ അസംബ്ലിയുടെ സമാപനസമ്മേളനം നവംബർ 13-ാം തീയതി വ്യാഴാഴ്ച ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. മതാത്മകതയിൽനിന്നും ആത്മീയതയിലേക്ക് നയിക്കുന്ന ജീവിതശൈലിയാണ് സഭ അവലംബിക്കേണ്ടത്. വെട്ടിപ്പിടിച്ചും തട്ടിപ്പറിച്ചുമുള്ള സംസ്കാരമല്ല പരിഗണിച്ചും പങ്കുവെച്ചും കഴിയുന്ന ജീവിതശൈലിയാണ് സമൂഹത്തിൽ വളർത്തിയെടുക്കേണ്ടതെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ശക്തന്മാർ മാത്രം നിലനിൽക്കുന്ന സമൂഹമല്ല, ഏറ്റം ചെറിയവനെയും പരിഗണിക്കുന്ന സമൂഹമാകണം നമ്മൾ വിഭാവനം ചെയ്യേണ്ടത്. മേധാവിത്വവും അധീശത്വവും പുലർത്തുന്ന നേതാക്കളെക്കാൾ ശുശ്രൂഷമനോഭാവമുള്ള നേതാക്കളെ സഭ വളർത്തിയെടുക്കണം. മതാത്മകതയിൽനിന്നും ആദ്ധ്യാത്മികതയിലേക്ക് സമൂഹത്തെ നയിക്കുന്നതിന് ഏവരും സഹകരിക്കണം. സ്ഥാപനവത്ക്കരണ സംസ്കാരത്തിൽനിന്ന് അർപ്പിത സംസ്കാരത്തിലേക്ക് സമൂഹം രൂപപ്പെടണം. സഭയുടെ പ്രവർത്തനമേഖലകളിൽ അത്മായർക്ക് കൂടുതൽ പ്രാധാന്യം നൽകണം എന്നീകാര്യങ്ങൾ ആത്മീയാചാര്യന്റെ വികാരവായ്പോടെ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് അവതരിപ്പിച്ചു.

എപ്പാർക്കിയൽ അസംബ്ലിയിൽനിന്ന് ലഭിച്ച ഊർജ്ജം രൂപതയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഉണർവ്വ് നൽകട്ടെയെന്നും കൂട്ടായ്മയിലുള്ള വ്യക്തി-കുടുംബ-സമൂഹജീവിതമാണ് നമ്മൾ നയിക്കേണ്ടതെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് സൂചിപ്പിച്ചു. മെച്ചപ്പെട്ട ക്രൈസ്തവജീവിതം നയിക്കുവാനും ലോകത്തിന് സാക്ഷ്യംനൽകുവാനും എല്ലാവരും ആത്മാർത്ഥമായി ശ്രദ്ധിക്കണം. എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം ദൈവരാജ്യസ്ഥാപനമായിരിക്കണമെന്നും പിതാവ് അനുസ്മരിച്ചു.

ഓരോ ദിവസത്തെയും വിവിധ വിഷയാവതരണങ്ങൾക്കുശേഷം അതതുമേഖലകളിലെ പ്രഗത്ഭർ ചർച്ചകൾക്ക് നേതൃത്വം നൽകി. ചർച്ചകൾ ക്രോഡീകരിച്ച് പുനരവതരണവും നടത്തി. ക്രിസ്തുവിന്റെ സമഗ്രവിമോചനദൗത്യം ഇക്കാലത്ത് തുടരേണ്ടത് ഓരോ ക്രൈസ്തവന്റെയും കടമയാണെന്ന ബോധ്യത്തോടെ ഗ്രൂപ്പുചർച്ചകളിലും പൊതുചർച്ചകളിലും പ്രായോഗിക നിർദ്ദേശങ്ങൾ ഉയർന്നുവന്നു. പ്രസ്തുത നിർദ്ദേശങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുകയും അടുത്ത പത്തുവർഷങ്ങളിൽ പ്രാവർത്തികമാ





ക്കാവുന്നവ മുൻഗണനാക്രമത്തിൽ ക്രോഡീകരിച്ച് സെക്രട്ടറി ജോർജ്ജ് തുരുത്തിപ്പിള്ളിയച്ചൻ അസംബ്ലിയിൽ സമർപ്പിച്ചു. ഇവ പ്രാബല്യത്തിൽ വരുത്തുന്നതിന് ഒരു കമ്മീഷനെ നിയോഗിക്കുന്നതാണെന്ന് പിതാവ് അസംബ്ലിയിൽ അറിയിച്ചു.

അതിന്റെ പ്രായോഗിക കർമ്മപദ്ധതി അസംബ്ലി നിർദ്ദേശിച്ചു. കാലഘട്ടത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് പാർശ്വവത്കരിക്കപ്പെടുന്നവരോട് ജാതിമതഭേദമെന്യേ പക്ഷംചേർന്ന് പ്രവർത്തിക്കുവാൻ അസംബ്ലി എല്ലാവരെയും ആഹ്വാനം ചെയ്തു. നാലു ദിവസമായി നടന്ന അസംബ്ലിയിൽ 87 പ്രതിനിധികൾ പങ്കെടുത്തു. രൂപതയുടെ നാല്പതുവർഷത്തെ സേവനങ്ങളെ വസ്തുനിഷ്ഠമായി അസംബ്ലി വിലയിരുത്തി. എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം ദൈവരാജ്യ സംസ്ഥാപനമായിരിക്കണമെന്നും സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് വ്യക്തമാക്കി.

അസംബ്ലിയുടെ വിജയത്തിനായി ഒരുവർഷത്തോളം ആത്മാർത്ഥതയോടും അർപ്പണബോധത്തോടുംകൂടെ സെൻട്രൽ കമ്മിറ്റിയും ഇതരകമ്മിറ്റികളും നടത്തിയ പരിശ്രമങ്ങളെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. യുവക്ഷേത്രയിലെ എല്ലാ സംവിധാനങ്ങളും അസംബ്ലിയ്ക്കായി സജ്ജമാക്കിയിരുന്നു. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശങ്ങളും സമയാസമയങ്ങളിലുള്ള ഇടപെടലുകളും വിലയിരുത്തലുകളും അസംബ്ലിയുടെ ലക്ഷ്യപ്രാപ്തിക്കുപകരിച്ചു. അസംബ്ലിയിലെ ചർച്ചാവിഷയങ്ങൾ ജനസഹസ്രങ്ങളിലെത്തിച്ച പത്രമാധ്യമങ്ങളുടെ സേവനത്തെ സംഘാടകർ നന്ദിയോടെ അനുസ്മരിച്ചു. അസംബ്ലിയിൽ പങ്കെടുത്തുവർ വ്യക്തിപരമായ അവരുടെ ഉത്തരവാദിത്വങ്ങൾ മാറ്റിവച്ച് സർവ്വാത്മന ഇതിൽ സംബന്ധിച്ച് ക്രിയാത്മകവും ഭാവാത്മകവുമായ നിർദ്ദേശങ്ങൾ നല്കിയതാണ് അസംബ്ലിയുടെ പ്രധാന വിജയം. അസംബ്ലി ദിവസങ്ങളിൽ മാനസിക ഉല്ലാസം നൽകുന്ന കലാപരിപാടികൾ അവതരിപ്പിച്ച കല്ലേപ്പുള്ളി മൈനർ സെമിനാരി, കഞ്ചിക്കോട് അസ്സീസി സ്കൂൾ, മുട്ടിക്കുളങ്ങര സെന്റ് ആൻസ് സ്കൂൾ അധികൃതരെയും വിദ്യാർത്ഥികളെയും നന്ദിയോടെ ഓർമ്മിക്കുന്നു. സുവർണ്ണജൂബിലിയിലേക്കെത്തിനിൽക്കുന്ന പാലക്കാട് രൂപതയ്ക്ക് അനിവാര്യമായ കർമ്മപദ്ധതികൾക്ക് രൂപംകൊടുത്തുകൊണ്ടാണ് രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലി സമാപിച്ചത്.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**
സെക്രട്ടറി, സെൻട്രൽ കമ്മിറ്റി

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Jan-15 | THU | Rev. Fr. Kuttipuzhakaran Sanil |
| 02-Jan-15 | FRI | Rev. Fr. Malekudiyil Sherjo |
| 03-Jan-15 | SAT | Rev. Fr. Maliekal George |
| 05-Jan-15 | MON | Rev. Fr. Mangalan Sebastian |
| 06-Jan-15 | TUE | Rev. Fr. Maramattam Xavier |
| 07-Jan-15 | WED | Rev. Fr. Mavarayil Shijo |
| 08-Jan-15 | THU | Rev. Fr. Mavunkal Jacob |
| 09-Jan-15 | FRI | Rev. Fr. Mundaplackal Sanoj |
| 10-Jan-15 | SAT | Rev. Fr. Murickananickal Santhosh |
| 12-Jan-15 | MON | Rev. Fr. Muringakudiyil Biju |
| 13-Jan-15 | TUE | Rev. Fr. Naduvathaniyil Shyju |
| 14-Jan-15 | WED | Rev. Fr. Nedumpurath Antony |
| 15-Jan-15 | THU | Rev. Fr. Olakkengil Viani |
| 16-Jan-15 | FRI | Rev. Fr. Ollukaran Vincent |
| 17-Jan-15 | SAT | Rev. Fr. Palathinkal Abraham |
| 19-Jan-15 | MON | Rev. Fr. Pallineerakkal Jaimon |
| 20-Jan-15 | TUE | Rev. Fr. Panapparambil Joseph |
| 21-Jan-15 | WED | Rev. Fr. Parayil Jijo |
| 22-Jan-15 | THU | Rev. Fr. Perumattil Antony |
| 23-Jan-15 | FRI | Rev. Fr. Perumbillil George |
| 24-Jan-15 | SAT | Rev. Fr. Plathottathil Biju |
| 26-Jan-15 | MON | Rev. Fr. Plathottathil Jinse |
| 27-Jan-15 | TUE | Rev. Fr. Ponkattil Binu |
| 28-Jan-15 | WED | Rev. Fr. Ponmani Jose |
| 29-Jan-15 | THU | Rev. Fr. Potteparambil Jose |
| 30-Jan-15 | FRI | Rev. Fr. Pulickathazhe Raju |
| 31-Jan-15 | SAT | Rev. Fr. Pulikottil Joshy |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്"** (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും നടന്നു. 11 ഫൊറോനകളിൽ നിന്നായി 840 അദ്ധ്യാപകർ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകരുടെ അറിവ് നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മാതൃകയാകാനും രൂപത വിശ്വാസ പരിശീലനവേദി മതാദ്ധ്യാപകർക്കുവേണ്ടിയൊരുക്കുന്ന ഒരു പരിശീലന സഹായിയാണ് സ്കൊളാസ്റ്റിക് ടെസ്റ്റ്. ബ്രാക്കറ്റിൽനിന്ന് തിരഞ്ഞെടുത്ത് എഴുതുന്നരീതിയിലുള്ള 100 ചോദ്യങ്ങളും 3 ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുവാനുള്ള രീതിയിലാണ് ചോദ്യപേപ്പർ. ഈ ടെസ്റ്റ് 2015 മാർച്ച് 1-ാം തീയ്യതി ഞായറാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ അതാത് യൂണിറ്റുകളിൽവെച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും സ്കൊളാസ്റ്റിക് ടെസ്റ്റ് നിർബന്ധമായും എഴുതേണ്ടതാണ്.

**പഠനഭാഗം :**

1. വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 100 മുതൽ 143 വരെ) - 40%
2. വി. ലൂക്കായുടെ സുവിശേഷം (ലോഗോസ് പഠനഭാഗം) - 40%
3. യേശുവിന്റെ അധ്യാപനകല - 10%
4. സഭാസംബന്ധമായ പൊതുവിജ്ഞാനം - 10%

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ 2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**രജിസ്ട്രേഷൻ ഫീസ് 25 രൂപ**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

**ഡിസം. 14 ഞായർ 9.30am to 4.00pm തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**

**ഡിസം. 21 ഞായർ 9.30am to 4.00pm മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**

ജനുവരി 4 ഞായർ 9.30am to 4.00pm കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം. 100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2014 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15 ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ തയ്യാറാക്കാവുന്നതാണ്.

**ടീച്ചേഴ്സ് ക്വിസ്**

അദ്ധ്യാപകർക്കായുള്ള രൂപതാതല ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. സമ്മാനാർഹരായവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. പ്രീനാ സണ്ണി & നിബിൻ - കഞ്ചിക്കോട്
2. മേരി ബാബു & ലിജാ ബാബു - ശ്രീകൃഷ്ണപുരം
3. ജിൻസി & പ്രിൻസി - പാലക്കാട്, കത്തീഡ്രൽ

**കുട്ടികളുടെ ക്വിസ്**

UP, HS, HSS എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായുള്ള രൂപതാതല ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. സമ്മാനർഹരായവരുടെ പേരുകൾ താഴെ ചേർക്കുന്നു.

**ഹയർസെക്കണ്ടറി വിഭാഗം**

1. സിജോയ് കെ. എസ്. & ആൽബർട്ട് ഫ്രാൻസീസ് - പൊന്നംകോട്
2. അനീഷ അഗസ്റ്റിൻ & അഞ്ചന മേരി സണ്ണി - കോട്ടത്തറ





3. അനഘ ബേബി & സ്റ്റെഫി തോമസ് - വടക്കഞ്ചേരി

**ഹൈസ്ക്കൂൾ വിഭാഗം**

1. സാവിയോ ബിജു & റോസ് മരിയറ്റ് - കഞ്ചിക്കോട്
2. മരിയാ ഉല്ലാസ് & ഡോണാ ഷാജി - വടക്കഞ്ചേരി
3. ജിബിൻ പയസ് & ജീസ്മ എം എസ് - നെന്മാറ

**യു.പി. വിഭാഗം**

1. എബിൻ & ഇമ്മാനുവേൽ - കത്തീഡ്രൽ
2. അപർണ്ണ ജോസഫ് & കിരൺ വിനോയ് - കാഞ്ഞിരപ്പുഴ
3. ഐറിൻ വിജു & സാനിയ എ ഷാജൻ - കഞ്ചിക്കോട്

**SMCC രൂപതാതല ശിൽപശാല**

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ നിന്ന് സമഗ്രമികവ് പുലർത്തുന്നവരെ തിരഞ്ഞെടുക്കുന്നതിനായുള്ള രൂപതാതല ശിൽപശാല നവംബർ 15-ാം തിയ്യതി ശനിയാഴ്ച 4.30 മുതൽ ഞായർ 3.30 വരെ നടത്തപ്പെട്ടു. സോണൽ തല ശിൽപശാലയിൽ നിന്ന് മികവുപുലർത്തിയവരെ ഓരോ ഫൊറോനയിൽനിന്നും രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമെന്ന അനുപാതത്തിൽ രൂപതാതലമത്സരങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരാണ് രൂപതാതല ശിൽപശാലയിൽ പങ്കെടുത്തത്. ഈ ശിൽപശാലയിലെ വിജയികളാണ് സഭാതലത്തിൽ കാക്കനാട് വച്ചു നടക്കുന്ന ശിൽപശാലയിൽ രൂപതയെ പ്രതിനിധീക്കിരിക്കുക. സഭാതലത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ആഷ്ലിൻ ഷിബു - മണ്ണാർക്കാട്
2. നിതിൻ സണ്ണി - ചീനിക്കപ്പാറ
3. അനഘ ബേബി - വടക്കഞ്ചേരി
4. നീനു മാത്യു - കല്ലടിക്കോട്

**സഭാതല ശിൽപശാല**

SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കും.

**രണ്ടാം മിഡ്ടേം പരീക്ഷ**

സൺഡേസ്കൂൾ കുട്ടികളുടെ രണ്ടാം മിഡ്ടേം പരീക്ഷ ഡിസംബർ 7-ാം തിയതി ഞായറാഴ്ച നടക്കുന്നു. **അതാത് ക്ലാസ്സിലേക്കുള്ള പഠനഭാഗങ്ങൾ കലണ്ടറിൽ നോക്കി ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.**

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 20-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ 12.30വരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2015 ജനുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00 മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2014 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1, 2, 3 റാങ്കുലഭിച്ചവരും 4, 5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതരാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനത്തിന് യോഗ്യത നേടിയവർ.**

| | | | |
|---|---|---|---|
| **VIII** | 1. ഡോണാ ഷാജി | - | വടക്കഞ്ചേരി. |
| **IX** | 1. എബി അബ്രാഹം | - | പുലാപ്പറ്റ. |
| **X** | 1. ആഗസ് പി ജോൺ | - | കാരറ. |
| | 2. അന്നമ്മ റോക്കി | - | വടക്കഞ്ചേരി. |
| | 3. ആഞ്ചലീന അബ്രാഹം | - | കൊഴിഞ്ഞാമ്പാറ |
| **XI** | 1. അഞ്ചന മേരി സണ്ണി | - | കോട്ടത്തറ. |
| | 2. സഹി ആൻ ജോർജ് | - | ഒലിപ്പാറ. |
| | 3. സനോജ് എസ് രാജ് | - | അഗളി. |
| **XII** | 1. മരിയാ റാണി തോമസ് | - | വചനഗിരി. |
| | 2. സാം എസ്. രാജ് | - | അഗളി. |
| | 3. ആൽബർട്ട് ഫ്രാൻസീസ് | - | പൊന്നംകോട്. |

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E,F വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ





ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്. (നവംബറിലെ ബുള്ളറ്റിൻ പേജ് 36, 38-42 വരെ കാണുക.)

**X^th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ X^th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 26-ാം തിയതി ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ **ജനന തിയതി, മാമ്മോദീസാ തിയതി, ഇന്റേണൽ മാർക്ക്** തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**കറസ്പോണ്ടൻസ് കോഴ്സ്**

കറസ്പോണ്ടൻസ് കോഴ്സിന് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായിട്ടുള്ള രണ്ടാംഘട്ട ക്ലാസ്സുകൾ ഡിസംബർ 26-ന് നടത്തുന്നു.

| | | |
|---|---|---|
| സമയം | : | 9.30 am to 4.00 pm |
| സ്ഥലം | : | പാസ്റ്ററൽ സെന്റർ, അന്നേ ദിവസം ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തുന്നതായിരിക്കും. |

**പഠനഭാഗം**

1-6 പാഠങ്ങൾ; ഉപപാഠം-ഒന്നാം ഭാഗം; ലേവ്യർ 15 - 27 അദ്ധ്യായങ്ങൾ; വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി - (155 - 183 പേജുകൾ.)

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ പുലാപ്പറ്റ യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 25-ാം തീയതി ഞായറാഴ്ച നടക്കുന്നതായിരിക്കും. 10-ാം ക്ലാസിന് 75 മാർക്കിലും 12-ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം

സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കു കൂടി പരിഗണിക്കുന്നതാണ്.

**I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 22 ഞായറാഴ്ചയാണ്.

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

## റെഗുലർ സ്കൂൾ വിശ്വാസ - ധാർമ്മിക പരിശീലന വാർത്തകൾ

**റെഗുലർ സ്കൂൾ വാർഷിക പരീക്ഷ**

X, XI, XII ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2015 ജനുവരി 9-ാം തിയതി വെള്ളിയാഴ്ചയും I മുതൽ IX ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2015 ഫെബ്രുവരി 6-ാം തിയതി വെള്ളിയാഴ്ചയും നടത്തപ്പെടുന്നതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ





## സ്റ്റാർസ്

Blogspot: starspalghat.blogspot.in

നവംബർ മാസത്തിലെ എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി നവംബർ 8 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. സെബാസ്റ്റ്യൻ സാർ, വിശ്വനാഥൻ സാർ, ശ്രീദേവി ടീച്ചർ എന്നിവർ ക്ലാസ്സുകൾ എടുത്തു. റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ടോജോ സാർ എന്നിവർ നേതൃത്വം നൽകി.

**അടുത്ത പരിശീലനദിനം**

**ഡിസംബർ 20 ശനി 9.30 am to 3.30 pm പാലക്കാട് പാസ്റ്ററൽ സെന്റർ**

**സെലക്ഷൻ ക്യാമ്പ്**

പുതിയബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള മൂന്നാമത്തെ സെലക്ഷൻ ക്യാമ്പ് **ജനുവരി 24 ശനി 9.30** am to **3.30** pm **പാലക്കാട് പാസ്റ്ററൽ സെന്ററിൽ** വച്ച് നടക്കുന്നു. ഒന്നും രണ്ടും ക്യാമ്പുകളിൽ പങ്കെടുത്ത കുട്ടികൾ മാതാപിതാക്കളോടൊപ്പം മൂന്നാമത്തെദിനം നടക്കുന്ന തിരഞ്ഞെടുപ്പു പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**
**A, B, C, D, E ,F വിഭാഗങ്ങളിൽ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | Rs 1000/+ KCBC | സർട്ടിഫിക്കററ് |
| രണ്ടാം സമ്മാനം | Rs 750/+ KCBC | സർട്ടിഫിക്കററ് |
| മൂന്നാം സമ്മാനം | Rs 500/+ KCBC | സർട്ടിഫിക്കററ് |
| നാലാം സമ്മാനം | Rs 250/+ KCBC | സർട്ടിഫിക്കററ് |
| അഞ്ചാം സമ്മാനം | KCBC | നൽകുന്ന പുസ്തകം + സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ IIHDC വരെയുള്ള ഓരോ ക്ലാസിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധനകേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും, 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫി

കളും, ഇടവകകൾക്ക് 25 പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന അനുപാതത്തിൽ പി ഒ സി തരുന്ന സമ്മാനങ്ങളും രൂപതാതല അവാർഡ്ദാനദിനമായ **2015 ജനുവരി 10-ാം തിയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യപിതാവ് നൽകുന്നതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യ സെമിനാറുകൾ**

നവംബർ മാസത്തെ തിരുബാലസഖ്യം ഫൊറോനതല സെമിനാർ 03, 22 തീയ്യതികളിൽ ഒറ്റപ്പാലം, ഒലവക്കോട് ഫൊറോനകളിൽ നടന്നു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച വേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**തിരുബാലസഖ്യ സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

**ഡിസംബർ 6 ശനി 9.30 am to 4.00 pm പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)**

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**കലോത്സവം**

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗ്ഗിക കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന രൂപതാതല മൽസരങ്ങൾ ഈ വർഷവും നടത്തുന്നു. **രൂപതാതല മൽസരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് 2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയാണ്.** അതിനു മുമ്പായി ഫൊറോന മൽസരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ **സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി ഫൊറോനതല മൽസരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ 2014 ഡിസംബർ 15 ന് മുമ്പായി രൂപതാ മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.** ഫൊറോന മൽസരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.





ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് ഫൊറോന തലത്തിൽ മൽസരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് രൂപതാതലത്തിൽ മൽസരിക്കാവുന്നതാണ്.

**വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടി 2 എണ്ണത്തിലേ പങ്കെടുക്കാവൂ.**

മതബോധനത്തിൽ നാലാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബ്ബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മൽസരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മൽസര ഇനങ്ങൾ**

**ജൂനിയേഴ്സ് (1,2 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥ പറയൽ, പ്രസംഗം

**സീനിയേഴ്സ് (3,4 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ഗ്രൂപ്പ് സോംഗ്, ആക്ഷൻ സോംഗ്, ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം

**മത്സരനിയമാവലി**

**ലളിതഗാനം** - ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം

**ആക്ഷൻ സോംഗ്-** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം. 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പ് മാത്രമേ പാടുള്ളൂ.)

**ബൈബിൾ കഥ പറയൽ-** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം 5 മിനിട്ട്

**പ്രസംഗം-** സമയം 5 മിനിട്ട്

വിഷയം. കൂദാശകൾ ജീവന്റെ നീർച്ചാലുകൾ (സീനിയേഴ്സ്)

ശിശുക്കൾ എന്റെ അടുക്കൽ വരുവിൻ അവരെ തടയേണ്ട (ജൂനിയേഴ്സ്)

**ഗ്രൂപ്പ് സോംഗ്-** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മൽസരം ഉള്ളുവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം 5 മിനിട്ട്. (ഡ്രസ്സിന്റെ ഭംഗി നോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്.)

**ബൈബിൾ വാക്യങ്ങൾ എഴുതൽ-** പുസ്തകത്തിന്റെ പേര്, അദ്ധ്യായം, വാക്യം, എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യം മുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി. ഒ. സി ബൈബിൾ ഉപയോഗിക്കുക. വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് മാത്രമായിരിക്കണം ബൈബിൾ വാക്യങ്ങൾ എഴുതേണ്ടത്. സമയം 10 മിനിട്ട്.

**ശ്രദ്ധിക്കുക.**

* മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രൂപതയിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം
* മത്സരത്തിന് ബാഡ്ജ് ഉണ്ടായിരിക്കണം
* ഫൊറോനകളിൽ നിന്ന് ലിസ്റ്റ് നൽകേണ്ട അവസാന ദിവസം ഡിസംബർ 15-ാം തിയ്യതിയാണ്. അതിന് ശേഷം വരുത്തുന്ന മാറ്റങ്ങൾ സ്വീകരിക്കുന്നതല്ല.
* ലിസ്റ്റിലില്ലാത്തവർ മത്സരിക്കാൻ വന്നാൽ മത്സരിപ്പിക്കുന്നതല്ല.
* കഴിഞ്ഞവർഷം എവർറോളിംഗ് ട്രേഫികൾ നേടിയവർ അത് തിരികെ ഏല്പിക്കുമല്ലോ.
* മത്സരദിനം സമ്മാനം കൈപ്പറ്റാത്തവർക്ക് പിന്നീട് നൽകുന്നതല്ല.

**കലോത്സവ ദിനം**

2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയാണ് രൂപതാ കലോത്സവം നടത്തപ്പെടുന്നത്. രാവിലെ കൃത്യം 9.30 ന് പ്രാർത്ഥനയോടെ മൽസരം ആരംഭിക്കും. 9 മണി മുതൽ ഫൊറോനകൾക്ക് ഓഫീസിൽ നിന്ന് നമ്പർ നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**ഭക്ഷണം**

ഉച്ചഭക്ഷണം ആവശ്യമുള്ളവർ 9544334162 (ഫാ.ജോമി, ഡയറക്ടർ) എന്ന നമ്പറിൽ വിളിച്ച് പറയുക. മത്സരദിനം രാവിലെ പണമടച്ച് ടോക്കൺ വാങ്ങാവുന്നതാണ്. ടോക്കൺ ഉള്ളവർക്കേ ഭക്ഷണം ലഭിക്കുകയുള്ളു.

**ഫൊറോന കലോത്സവ ദിവസങ്ങൾ**

രൂപതാ കലോത്സവത്തിനൊരുക്കമായി ഫൊറോന കലോത്സവം നടത്തപ്പെടുന്നതിന്റെ തിയ്യതിയും സ്ഥലവും താഴെ ചേർക്കുന്നു. വിശദ വിവരങ്ങൾക്ക് അതാത് ഫൊറോന തിരുബാലസഖ്യം ഡയറക്ടറച്ചന്മാരെ വിളിക്കുക.

| ഫൊറോന | തിയ്യതി | സ്ഥലം |
|---|---|---|
| വടക്കഞ്ചേരി | ഡിസംബർ 13 ശനി | വടക്കഞ്ചേരി |
| ഒറ്റപ്പാലം | ഡിസംബർ 13 ശനി | ഫൊറോന പള്ളി |

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ





## അൾത്താരസംഘം

Blogspot: abapalghat.blogspot.in

നവംബർ മാസത്തെ അൾത്താരസംഘം ഫൊറോനതല സെമിനാർ 03, 22 തീയ്യതികളിൽ ഒറ്റപ്പാലം, ഒലവക്കോട് ഫൊറോനകളിൽ നടന്നു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച വേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

| **അൾത്താരസംഘം** | **സെമിനാറുകൾ** | |
|---|---|---|
| **ഡിസംബർ 6 ശനി** | **9.30 am to 4.00 pm** | **പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)** |

**അൾത്താരസംഘം ക്വിസ് മൽസരം**

ഫൊറോനതല മൽസരം നവംബർ 3 ന് നടത്തപ്പെട്ടു. വിജയകളായ എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ. രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുന്നു. **റെജിസ്ട്രേഷൻ ഫീസ് ടീമിന് 75 രൂപയായിരിക്കും.**

**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി | - | 50 മാർക്ക് (പേജ് 21-169) |
| കുർബ്ബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് ക്വിസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |
| അൾത്താര സംഘടന, പാലക്കാട് രൂപത | - | 10 മാർക്ക് |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,

സി.എം.എൽ. മുൻ ഡയറക്ടർ ബഹു. നീലേഷ് തുരുത്തുവേലിൽ അച്ചന്റെ പിതാവിന്റെ വിയോഗത്തിൽ സി.എം.എൽ. രൂപതാസമിതിയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം അച്ചനെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ സ്മരിക്കുകയും ചെയ്യുന്നു.

**കർമ്മപരിപാടികൾ - ഡിസംബർ**

1 തിങ്കൾ : 25 നോമ്പ് ആരംഭിക്കുന്നു ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കുവാനായി എല്ലാ അംഗങ്ങളും നോമ്പാചരണം നടത്തുക, ഒരുങ്ങുക.

3 ബുധൻ : വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തുക.
ചിന്താവിഷയം : പ്രേഷിത പ്രവർത്തനത്തിലൂടെ വിശുദ്ധിയിലേയ്ക്ക്.

25 ബുധൻ: ക്രിസ്തുമസ്സ് - പുൽക്കൂട് ഒരുക്കുക, കരോൾ സംഘടിപ്പിക്കുക.
ചിന്താവിഷയം: കുടുംബം ക്രൈസ്തവ ജീവിതത്തിന്റെ പ്രഭവകേന്ദ്രം

28 ഞായർ: കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

31 ചൊവ്വ : വർഷാവസാനം, ദൈവം നൽകിയ നൻമകളെ ഓർത്ത് നന്ദിയുടെ ബലിയർപ്പണം നടത്തുക.

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം : ജീവന്റെ സമൃദ്ധിക്കുവേണ്ടി.
* ക്രിസ്തുമസ്സിനോടനുബന്ധിച്ച് ശാഖയിലെ എല്ലാ ഭവനങ്ങളിലും ആശംസ കാർഡുകൾ എത്തിക്കുക.
* ശാഖകളിൽ ക്രിസ്തുമസ് ഫ്രണ്ടിനെ തിരഞ്ഞെടുത്ത് പ്രാർത്ഥിക്കുക.
* സുകൃതജപങ്ങളിലൂടെ ഈശോയ്ക്ക് ഹൃദയത്തിൽ പുൽക്കൂട് ഒരുക്കുക.
* പ്രവർത്തനവർഷത്തെ എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദിയർപ്പിക്കുക.
* മിഷൻ ആശംസാകാർഡുകൾ അയയ്ക്കുക, പ്രേഷിത പ്രവർത്തകരെ ആദരിക്കുക.
* പുതുവർഷത്തിനായി ഒരുങ്ങുക.
* രോഗികളെയും, അനാഥരേയും സന്ദർശിച്ച് ക്രിസ്തുമസ്സ് സന്ദേശം പങ്കുവെയ്ക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക, സമ്മാനങ്ങൾ കൈമാറുക.

**സുകൃതജപം** : "കുളിരാലേ വിറയ്ക്കുന്ന ഉണ്ണീശോയേ ഞങ്ങൾക്ക് കൂട്ടായിരിക്കണമേ"

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## കെ. സി. വൈ. എം

**ഉത്സവ് - 2014**

രൂപത കെ.സി.വൈ.എം.ന്റെ കലാകായിക മത്സരങ്ങളായ ഉത്സവ് -2014 പാലക്കാട് മേഴ്സി കോളേജ് ഗ്രൗണ്ടിലും കത്തീഡ്രൽ സ്കൂളിലുമായി നടന്നു. 400-ഓളം യുവപ്രതിഭകൾ മാറ്റുരച്ച കലോത്സവത്തിൽ കാഞ്ഞിരപ്പുഴ ഫൊറോനയും വടക്കഞ്ചേരി ഫൊറോനയും സംയുക്ത ചാമ്പ്യൻമാരായി. 2 ാം സ്ഥാനം പൊന്നംകോട് ഫൊറോന കരസ്ഥമാക്കി. മേഴ്സി കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ആലീസ് തോമസ് ഉത്സവ് ഉദ്ഘാടനം ചെയ്തു. ഇന്റർനാഷണൽ മെഡൽ ജേതാവ് ശ്രീ. ബിനീഷ് വി.ബി. സമ്മാനദാനം നിർവ്വഹിച്ചു. കത്തീഡ്രൽ വികാരി ഫാ. മാത്യു വാഴയിൽ മുഖ്യാതിഥി ആയിരുന്നു. പ്രസിഡന്റ് ഷിജു കുര്യൻ അധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ സ്വാഗതവും ട്രഷറർ ജുബിൻ ജോസ് നന്ദിയും പറഞ്ഞു.





**Illumine - 2014**

രൂപതയിലെ 100 പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇൻഷൂറൻസ് പരിരക്ഷ കെ.സി.വൈ.എം. യുവജനങ്ങളുടെ ക്രിസ്തുമസ്സ് നോമ്പുകാലത്ത് ത്യാഗമായി സമർപ്പിക്കുന്നു. 5600-ഓളം വരുന്ന കെ.സി.വൈ.എം. യുവജനങ്ങൾ കൈകോർത്തുകൊണ്ട് ഇലൂമിൻ - 2014 എന്നപേരിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. രൂപതയിൽനിന്നും എല്ലായുവജനങ്ങൾക്കും ക്രിസ്തുമസ്സ് ആശംസയും ക്രിസ്തുമസ്സിനൊരുക്കമായ കർമ്മപദ്ധതിയും ഉൾകൊള്ളുന്ന കാർഡിനൊപ്പം നോമ്പുകാല പരിത്യാഗം സമർപ്പിക്കുവാനുള്ള കവറുകളും നൽകിയിട്ടുണ്ട്. ഡിസംബർ 25-ാം തീയതിയോടുകൂടി ഓരോ അംഗങ്ങളുടെയും പരിത്യാഗ തുക യൂണിറ്റിൽ സമാഹരിച്ച് രൂപതയിൽ പ്രസ്തുത പദ്ധതിക്കായി നൽകണം. ലഭിക്കുന്ന തുക ഉപയോഗിച്ച് രൂപതാതലത്തിൽ ഫൊറോനകളുടെ ആഭിമുഖ്യത്തിൽ കുടുംബങ്ങളെ തിരഞ്ഞെടുത്ത് പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കുന്നു. പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയുടെ ഹൃദയമിടിപ്പുകൾ യുവഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ. പാവപ്പെട്ടവരോട് പക്ഷം ചേരുന്ന ക്രിസ്തുവിന്റെ മനോഭാവം ഉൾക്കൊണ്ട് പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഈ പ്രേഷിതദൗത്യത്തിൽ എല്ലാ യുവജനങ്ങളും പങ്കുചേരുമല്ലോ.

**സ്നേഹ സംഗമം**

1978 മുതൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെ സമൂഹമദ്ധ്യത്തിൽ ആർജ്ജവത്തോടെ നയിച്ച് ചലിക്കുന്ന ധാർമ്മിക യുവജന പ്രസ്ഥാനമായി പാലക്കാട് രൂപത കെ.സി.വൈ.എം. നെ ഉയർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ച എല്ലാ മുൻ രൂപത ഭാരവാഹികളുടെയും (രൂപത പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, ആനിമേറ്റർ) സംഗമം ജനുവരി 25-ാം തിയ്യതി വൈകിട്ട് 5.00 മണി മുതൽ ജനുവരി 26 രാവിലെ 9.00 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ചു നടക്കുന്നു. ചടുലതയോടെ കഴിഞ്ഞ കാലങ്ങളിൽ പ്രസ്ഥാനത്തെ നയിച്ച എല്ലാ മുൻകാല നേതാക്കളെയും സ്നേഹത്തോടെ സ്വാഗതം ചെയ്തുകൊള്ളുന്നു. പ്രസ്തുതവിവരം പള്ളികളിൽ വിളിച്ചു പറയുകയും പങ്കെടുക്കുവാൻ താല്പര്യപ്പെടുന്ന മുൻഭാര

വാഹികൾ ജനുവരി 2 ന് മുൻപായി പേരുകൾ രൂപതയിൽ നൽകാൻ അറിയിക്കുകയും ചെയ്യുമല്ലൊ.

**യൂണിറ്റ് ഫൊറോന തിരഞ്ഞെടുപ്പുകൾ**

പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിനും 2015 പ്രവർത്തനവർഷത്തെ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുമായി യൂണിറ്റ് ഫൊറോന തലങ്ങളിൽ പുതിയ നേതൃനിര വളർന്നുവരേണ്ടതായിട്ടുണ്ട്. ഇതിനാൽ യൂണിറ്റ് തിരഞ്ഞെടുപ്പുകൾ നവംബർ മാസത്തിൽ തന്നെ നടത്താൻ ശ്രദ്ധിക്കുമല്ലോ. യൂണിറ്റ് ഭാരവാഹികളുടെ പേരുവിവരങ്ങൾ ഡിസംബർ 21 നു മുൻപായി ഫൊറോന പ്രസിഡന്റുമാർ മുഖേന രൂപതാകേന്ദ്രത്തിൽ എത്തിക്കണം. ഫൊറോന സെനറ്റുകൾ ഡിസംബർ മാസത്തിൽ തന്നെ നടത്തുകയും പേരുവിവരങ്ങൾ ജനുവരി 1 ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും വേണം. തിരഞ്ഞെടുപ്പുകൾ നിയമാവലി അനുസരിച്ച് നടത്തണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

**രൂപത വാർഷികസെനറ്റ്**

2014 പ്രവർത്തനവർഷത്തെ പ്രവർത്തന അവലോകനത്തിനും 2015 പ്രവർത്തനവർഷത്തേക്കുള്ള നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനുമായി 2015 ജനുവരി 9, 10 തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപത വാർഷിക സെനറ്റ് നടക്കുന്നു. 9-ാം തിയ്യതി വൈകുന്നേരം 5.00 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന സെനറ്റ് 10ന് വൈകുന്നേരം 3.00 മണിയോടെ സമാപിക്കും. **സെനറ്റിൽ പങ്കെടുക്കുന്നവർ തീർച്ചയായും വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരണം.** ഒരു **യൂണിറ്റിന് രജിസ്ട്രേഷൻ ഫീസ് 300 രൂപ.** രൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി ഓരോ ഫൊറോനയിൽ നിന്നും **5 പേരടങ്ങുന്ന (3 പുരുഷന്മാരും 2 വനിതകളും)** പാനൽ ഫൊറോന ഡയറക്ടറുടെ ഒപ്പോടുകൂടി ജനുവരി 1 നു മുൻപായി സമർപ്പിക്കേണ്ടതാണ്. കെ.സി.വൈ.എം. ന്റെ പരമാധികാര സഭയായ സെനറ്റിൽ അങ്ങയുടെ യൂണിറ്റിലെയും ഫൊറോനയിലെയും എല്ലാ ഭാരവാഹികളുടെയും പങ്കാളിത്തം ഉറപ്പാക്കുമല്ലോ.

**ട്രോഫികൾ, ഷീൽഡുകൾ**

വിജയികൾക്ക് ട്രോഫികൾ, ഷീൽഡുകൾ എന്നിവ ആവശ്യമുള്ളവർ KCYM ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9562202502, 9020970963

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ





# ജീസസ് യൂത്ത്

**MY JESUS FOLLOW UP**

2014 ഡിസംബർ 6-ാം തിയ്യതി ശനിയാഴ്ച്ച 9.30 മുതൽ 4.00 മണിവരെ പാസ്റ്ററൽ സെന്ററിൽ MY JESUS പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാവരും വീണ്ടും ഒരുമിച്ചു കൂടുന്നു. ഡിസംബർ 2-ാമത്തെ ആഴ്ചയോടെ പരീക്ഷകൾ ആരംഭിക്കുന്നതുകൊണ്ടാണ് ആദ്യത്തെ ശനിയാഴ്ച തന്നെ നാം ഒരുമിച്ചുകൂടുന്നത്. ഇതിൽ പങ്കെടുക്കാൻ പരിശ്രമിക്കുമല്ലൊ.

**The FACE**

2015 ജനുവരി 23 മുതൽ 26 വരെ മുണ്ടൂർ യുവക്ഷേത്ര കോളേജിൽ വച്ച് ക്യാമ്പസ് മീറ്റ് നടത്തുകയാണ്. 23-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് ആരംഭിക്കുന്ന പ്രോഗ്രാം 26-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കുന്നതാണ്. ഇടവകകളിൽനിന്നും കോളേജുകളിൽനിന്നുമായി 350-ഓളം യുവജനങ്ങളെയാണ് ഈ പ്രോഗ്രാമിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രോഗ്രാമിൽ സംബന്ധിക്കേണ്ടവർ മുൻകൂട്ടി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. 500 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : ഫോൺ 8592931585

**ജീസസ് യൂത്ത് ഹൗസ് ഹോൾഡ്**

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആരംഭകാലം മുതൽ പുതുതലമുറയിൽ ഉള്ളവർക്കുവരെ ഒരുമിച്ചുവരാൻ പറ്റുന്ന ഒരു വേദിയാണ് ഹൗസ് ഹോൾഡുകൾ. പ്രായഭേദമെന്യേ വിവിധ തലങ്ങളിലും മിനിസ്ട്രികളിലും പ്രവർത്തിക്കുന്ന ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചുവരുന്ന വേദികൂടിയാണ് ഇത്.

"അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ. 2:42). ഇപ്രകാരം ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ പ്രതിബദ്ധതയുള്ള ജീസസ് യൂത്ത്, മാസത്തിലൊരിക്കൽ ഒരുമിച്ച് വരുകയും പ്രാർത്ഥിക്കുകയും 'ഹൗസ് ഹോൾഡ്-റിഫ്ളക്ഷൻ' വിചിന്തനം ചെയ്യുകയും ചെയ്യുന്നു. സഭയുടെ പ്രബോധനങ്ങൾ ആഴത്തിൽ പഠിക്കുവാനും ആത്മീയജീവിതം പങ്കുവെയ്ക്കുവാനും പരസ്പരം പ്രോത്സാഹിപ്പിക്കാനും, സ്നേഹബന്ധങ്ങൾ പുതുക്കുവാനും ഹൗസ് ഹോൾഡുകൾ അവസരമൊരുക്കുന്നു. നമ്മുടെ രൂപതയിൽ എല്ലാമാസത്തിന്റെയും ആദ്യത്തെ ഞായറാഴ്ച വൈകിട്ട് 5 മണിമുതൽ 8 മണിവരെ മേപ്പറമ്പ് ചെറുപുഷ്പാ

ലയത്തിലാണ് ഹൗസ് ഹോൾഡ് നടക്കുന്നത്. താല്പര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ : 9497252301, 9447277317

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ഡിസംബർ** മാസത്തിലെ പ്രീകാന കോഴ്സ് **1,2,3,4** തിയ്യതികളിലും **ജനുവരി** മാസത്തിലെ പ്രീകാന കോഴ്സ് **5,6,7,8** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

## അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

**സൗജന്യ ത്രിദിന കെയർ ഹോം ട്രെയിനിംഗ് പ്രോഗ്രാം**

കെയർ ഹോം നടത്തിപ്പുകാർക്കും കെയർ ഹോമിൽ ശുശ്രൂഷചെയ്യുന്നവർക്കുമായി തിരുവനന്തപുരം മെഡിക്കൽകോളേജ് സൈക്യാട്രി വിഭാഗവും കേരളസർക്കാർ സാമൂഹികനീതിവകുപ്പും ചേർന്ന് സൗജന്യ ത്രിദിന ട്രെയിനിംഗ് പ്രോഗ്രാം ഡിസംബർ മാസത്തിൽ മൂന്ന് പ്രാവശ്യമായി തിരുവനന്തപുരം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പാലക്കാട് രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ കെയർ ഹോമുകളിൽനിന്നും ഏതെങ്കിലും ഒരു ത്രിദിന ട്രെയിനിംഗിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ട്രെയിനിംഗ് ഡിസംബർ 8-10, ഡിസംബർ 11-13, ഡിസംബർ 14-16 കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫാ. ജോഷ്വാ, ഫോൺ : 9847722241





**പാലക്കാട് ജില്ല ഓർഫനേജ് കൺട്രോൾ ബോർഡ്**

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗമായ ശ്രീമതി പത്മിനി ഗോപിനാഥൻ പാലക്കാട് ജില്ലയുടെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പുതിയ ഓഫീസറായി നിയമിക്കപ്പെട്ടു.

**CNEWA- മീറ്റിംഗ് നടത്തപ്പെട്ടു**

നവംബർ 7 വെള്ളിയാഴ്ച രാവിലെ 10.30ന് ബിഷപ്സ് ഹൗസിൽ വച്ച് CNEWA-ൽ നിന്ന് ഫണ്ട് സ്വീകരിക്കുന്ന എല്ലാ ഓർഫനേജ്/കെയർ ഹോംസ് ഡയറക്ടർമാരുടെയും കണക്കെഴുതുന്നവരുടെയും മീറ്റിംഗ് നടത്തപ്പെട്ടു. CNEWA റീജിയണൽ ഡയറക്ടർ ശ്രീ. എം.എൽ. തോമസ് മീറ്റിംഗിന് നേതൃത്വം നൽകി. പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഓർഫനേജ് റേഷൻ വിതരണം**

ഓർഫനേജുകളിലേക്കുള്ള റേഷൻ സാധനങ്ങൾ രണ്ടുമാസമായി കിട്ടാതിരുന്ന സ്ഥാപനങ്ങൾ ജില്ലാ സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക. റേഷൻ സാധനങ്ങളുടെ വിതരണം പുനസ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**റേഷൻ പെർമിറ്റ് പുതുക്കൽ**

2014 ഡിസംബർ 31 ന് സോഷ്യൽ ജസ്റ്റിസ് ബോർഡിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും കിട്ടിവരുന്ന റേഷൻ സാധനങ്ങളുടെ പെർമിറ്റ് അവസാനിക്കുന്നു. ആയതിനാൽ അതാത് താലൂക്ക് സപ്ലൈ ഓഫീസിൽ (TSO) തിങ്കളാഴ്ച ഒഴികെയുള്ള മറ്റു പ്രവൃത്തി ദിനങ്ങളിൽ 2014 ഡിസംബർ 30ന് മുൻപായി പെർമിറ്റ് പുതുക്കേണ്ടതാണ്.

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ, ഫോൺ : 9400299234

## കരിസ്മാറ്റിക് വാർത്തകൾ

**Zume ലീഡേഴ്സ് പ്രോഗ്രാം**

ലീഡേഴ്സ് പ്രോഗ്രാമിന്റെ ക്ലാസുകൾ നവംബർ മാസം 14, 15 തിയ്യതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ശ്രീ. തോമസ് കുര്യൻ ക്ലാസ്സുകൾ നയിച്ചു. അടുത്ത പ്രോഗ്രാം ഡിസംബർ 19, 20 ദിവസങ്ങളിൽ നടക്കും.

**സ്നേഹ കൂട്ടായ്മ**

അഖണ്ഡജപമാലയ്ക്ക് നേതൃത്വം നൽകുന്നതിനായി ഇടവകകളിലേയ്ക്ക് പോയവർ ഒത്തുചേർന്നു. നവംബർ 15 ന് രൂപതാ പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് അനുഗ്രഹ പ്രഭാഷണം

നടത്തി. അതിനുശേഷം അഖണ്ഡജപമാലയ്ക്ക് നേതൃത്വം നൽകിയവർക്ക് പ്രത്യേക ഉപഹാരം നൽകി. സോണൽ ഡയറക്ടർ റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ, കോർഡിനേറ്റർ ശ്രീ. ഉമ്മൻ മാത്യു എന്നിവർ വിവിധ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകി.

**ദമ്പതികൂട്ടായ്മ**

2014 ഡിസംബർ 6 ന് പാലക്കാട് പാസ്റ്ററൽ രൂപതയിലെ ദമ്പതികൾ ഒന്നിച്ചുകൂടുന്നു. രാവിലെ 9 മുതൽ 4 വരെയാണ് കൂട്ടായ്മ നടക്കപ്പെടുന്നത്.

എല്ലാവർക്കും ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റേയും പ്രാർത്ഥനാശംസകൾ നേരുന്നു.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഡിസംബർ | 07–12 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഡിസംബർ | 14–19 | സിസ്റ്റേഴ്സിന്റെ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഡിസം. 28 – ജനുവരി 2 | | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. സാജു ഇലഞ്ഞിയിൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 253496

**മാറാനാത്ത ബ്രോഡ്കാസ്റ്റിംഗ് മീഡിയ ട്രെയിനിംങ്ങ് സെന്റർ** (MBMTC)

2015 ന്റെ ആരംഭത്തിൽ തുടങ്ങുന്ന ബ്രോഡ്കാസ്റ്റിംഗ് മീഡിയ ട്രെയിനിംങ്ങിലേക്ക് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. എഡിറ്റിംഗ് (FCP), ക്യാമറ, ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രിപ്റ്റ് റൈറ്റിംങ്ങ് & ഡയറക്ഷൻ എന്നിവയിൽ ട്രെയിനിംങ്ങ് നൽകുന്നു. ഒന്നരവർഷമാണ് ട്രെയിനിംങ്ങിന്റെ കാലാവധി. കോഴ്സ് സൗജന്യമാണ് (വ്യവസ്ഥകൾക്ക് വിധേയം). അപേക്ഷാഫോം പാലക്കാട് സാൻജോ ടവറിലുള്ള മാറാനാത്ത മീഡിയ സെന്ററിൽനിന്നും (10.00am to 5.00pm) ലഭ്യമാണ്. അപേക്ഷാഫോം സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 26. പാലക്കാട് രൂപതയിൽപ്പെട്ട





ആൺകുട്ടികൾക്ക് മുൻഗണന. പ്രായപരിധി 18–26. പ്രോസ്പ്റ്റസിനും അപ്ലിക്കേഷൻ ഫോമിനും കൂടി 100 രൂപ.
കൂടുതൽ വിവരങ്ങൾക്ക് : 0491 2504090, 2504290, 8301854090

**സെഹിയോൻ കൺവെൻഷൻ**

ഡിസംബർ 21 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

| | |
|---|---|
| പ്രാർത്ഥനാസഹായം | : 04924 227000 |
| ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) | : 04924 253496, 8281473647 |

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**പൊലിമ 2015**

PSSP സംഘടിപ്പിക്കുന്ന പൊലിമ 2015 കാർഷിക-ചക്ക മഹോത്സവം ജനുവരി 9–12 തീയതികളിൽ പാലക്കാട് മുൻസിപ്പൽ ടൗൺ ഹാളിൽ വച്ച് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9446790234, 9447020395

**കാർഷിക വായ്പ**

കൂട്ടുബാദ്ധ്യതാ സംഘങ്ങളിലൂടെ (J.L.G) കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പയെടുത്ത് കാർഷികവൃത്തിചെയ്യുന്നതിനും മാസതവണകളായി വായ്പ തിരിച്ചടവ് നടത്തുന്നതിനുമായി പുതിയ അഞ്ഞൂറ് കർഷക സംഘങ്ങളെക്കൂടെ സഹായിക്കുന്നതിന് നബാർഡ് PSSPയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ.

കൂട്ടുബാദ്ധ്യതാസംഘം രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് എല്ലാമാസവും ആദ്യത്തെയും മൂന്നാമത്തെയും തിങ്കളാഴ്ചകളിൽ ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ വെച്ച് രാവിലെ 10 മുതൽ 12.30 വരെ ഓറിയന്റേഷൻ ക്ലാസ്സ് നടന്നുവരുന്നു.

**മുട്ടക്കോഴി**

ശുദ്ധമായ മുട്ട, മാംസം, അധികവരുമാനം എന്നിവയ്ക്കായി മുട്ടക്കോഴി വളർത്താൻ താത്പര്യമുള്ളവർക്ക് എല്ലാ മാസവും വാങ്ങാവുന്ന തരത്തിൽ 40 ദിവസം പ്രായമുള്ള ക്രോയിലർ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ആവശ്യക്കാർ മുൻക്കൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

ഫോൺ : 0491 2558129

**ജൈവ പച്ചക്കറി**

കർഷകർ സ്വന്തമായി വിളയിക്കുന്ന ജൈവപച്ചക്കറികൾ വാങ്ങുന്നതിനും വില്ക്കുന്നതിനും PSSP യുടെ വിപണനകേന്ദ്രം കൊയ്നോണിയ സൂപ്പർ മാർക്കറ്റ് പാലക്കാട് KSRTC ക്ക് എതിർവശത്തുള്ള സാൻജോ ടവ്വറിൽ പ്രവർത്തിക്കുന്നു. ഫോൺ : 9446420395

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ പരിശീലനം :**

ഗാർഹിക നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പ്പന്നങ്ങൾ, കുട, ആർട്ടിഫിഷൽ ജ്വല്ലറി തുടങ്ങിയവ നിർമ്മിക്കുവാനും വിപണന മാർഗ്ഗങ്ങളും പരിശീലിപ്പിക്കുന്നു. ബന്ധപ്പെടുക : 9946743037

**SAFP**

**R.P.O. സന്ദർശനം**

നവംബർ മാസം 10, 11, 12 തിയ്യതികളിൽ സേവ് എ ഫാമിലി റീജിയണൽ പ്രോഗ്രാം ഓഫീസർ Sr. സബിത പാലക്കാട് പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയിലെ സേവ് എ ഫാമിലിയിലെ 3 റീജിയണുകളിലെയും ജെല്ലിപ്പാറ, ധോണി, അകമലവാരം എന്നീ സെന്ററുകൾ സന്ദർശിച്ചു. സേവ് എ ഫാമിലി പ്രവർത്തനങ്ങളെയും ഓഫീസ് ഡോക്യുമെന്റുകളെയും പരിശോധിച്ച് വിലയിരുത്തുകയും ചെയ്തു.

**SAFP ഓഡിറ്റ്**

സേവ് എ ഫാമിലി, 2011 – 2014 വർഷങ്ങളിലെ ഓഡിറ്റ് നവംബർ മാസം 25–ാം തിയ്യതി PSSP യിൽ വെച്ച് സേവ് എ ഫാമിലി ഇന്ത്യ ഡയറക്ടർ ബഹു. ഫാ. മാർഷൽ മേലപ്പള്ളിയുടെയും അക്കൗണ്ടന്റ് ശ്രീമതി സിബിയുടെയും നേതൃത്വത്തിൽ നടത്തി. പാലക്കാട് രൂപതയിലെ സേവ് എ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ എല്ലാ പ്രവർത്തനങ്ങളെയും പരിശോധിച്ച് വിലയിരുത്തി തുടർന്ന് PSSP ഡയറക്ടർ ബഹു. ജേക്കബ് മാവുങ്കലച്ചൻ സേവ് എ ഫാമിലി കോർഡിനേറ്റർ, ആനിമേറ്റർമാർ, PSSP അക്കൗണ്ടന്റ്





എന്നിവരുടെ സാന്നിധ്യത്തിൽ Evaluation നടത്തുകയും PSSP സേവ് എ ഫാമിലി പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 03.12.2014 നു ബുധനാഴ്ച കാലത്ത് 11 മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 09.12.14 | ചൊവ്വ | പാലക്കാട് I | പാസ്റ്ററൽ സെന്റർ | 10.30 am |
| 09.12.14 | ചൊവ്വ | മലമ്പുഴ | പാസ്റ്ററൽ സെന്റർ | 2.00 pm |
| 10.12.14 | ബുധൻ | മണ്ണാർക്കാട് | | 10.30 am |
| 11.12.14 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളിക്കുന്ന് | 10.30 am |
| 12.12.14 | വെള്ളി | കുഴൽമന്ദം | കണ്ണനൂർ | 10.30 am |
| 13.12.14 | ശനി | പാലക്കാട് II | മുണ്ടൂർ | 10.30 am |
| 15.12.14 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 10.30 am |
| 17.12.14 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 10.30 am |
| 20.12.14 | ശനി | ആലത്തൂർ | FCC വടക്കഞ്ചേരി | 10.30 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 08.12.14 | തിങ്കൾ | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 10.30am to 2.30 pm |
| 12.12.14 | വെള്ളി | കണ്ണനൂർ ടചഉജ ഹാൾ | 10.30am to 12.30 pm |
| 15.12.14 | തിങ്കൾ | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 10.30am to 2.00 pm |
| 16.12.14 | ചൊവ്വ | സാൻജോ ടവ്വർ | 10.30am to 2.00 pm |
| 17.12.14 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 10.30am to 1.00 pm |
| 18.12.14 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 10.30am to 2.00 pm |
| 20.12.14 | ശനി | FCC വടക്കഞ്ചേരി | 10.30am to 2.00 pm |
| 22.12.14 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 10.00am to 3.00 pm |

**നബാർഡ് വനിതാ സ്വയം സഹായ സംഘം (NWSHG)**

കേന്ദ്ര ഗവൺമെന്റ് നബാർഡിന്റെ നേതൃത്വത്തിൽ PSSP വഴി സ്ത്രീകൾക്ക് വേണ്ടി നടപ്പാക്കുന്ന നബാർഡിന്റെ അയൽക്കൂട്ട രൂപീകരണം ജില്ലയിൽ നടന്നു വരുന്നു. ഗ്രൂപ്പുകൾ ആരംഭിച്ച് പ്രാദേശിക ബാങ്കുകളുമായി ബന്ധപ്പെട്ട് ചെറുതൊഴിൽ സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കി കൊടുക്കുന്നതാണ് പദ്ധതി. ജില്ലയിൽ എവിടെയും ഗ്രൂപ്പുകൾ തുടങ്ങുന്നതിന് PSSP ഓഫീസുമായി ബന്ധപ്പെടുക

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി

ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ PSSP യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2014-2015 വർഷത്തിലേക്ക് ആരംഭിച്ച കോഴ്സുകളുടെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| S.N. | Course | Proposed batches | Enrolled batches |
|---|---|---|---|
| 1 | Tailor | 37 | 37 |
| 2 | Hand Embroidery | 4 | 4 |
| 3 | Machine Embroidery | 2 | 1 |
| 4 | Fabric Painting | 8 | 8 |
| 5 | Screen Printing | 8 | 6 |
| 6 | Plumbing & Sanitary Works | 2 | 1 |
| 7 | Basic Electrical Training | 2 | 1 |
| 8 | Bee Keeping | 1 | 1 |
| 9 | Fruits & Vegetable Processing & Preservation | 1 | 1 |
| 10 | Rexene/ Leather/Jute home & Office article Making | 1 | 1 |
| 11 | Bridal Jewllery Making | 1 | 1 |
| 12 | Computer Fundamental, MS Office and Internet | 1 | 1 |

* 2014 ഡിസംബർ മാസം 8-ാം തിയതി പറമ്പികുളത്ത് വെച്ച് ഫാബ്രിക് പെയിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, തേനിച്ച വളർത്തൽ, ഇലക്ട്രിഷ്യൻ എന്നീ പുതിയ ബാച്ചുകളുടെ ഉദ്ഘാടനം നടത്തുവാൻ തിരുമാനിച്ചു.

* 2013-2014 സാമ്പത്തിക വർഷത്തിലെ PART-B യിൽ നടത്തിയ കോഴ്സുകളുടെ സർട്ടിഫിക്കറ്റ് വിതരണം 2014 ഡിസംബർ മാസം 12-ാം തിയതി ജില്ലാപഞ്ചായത്ത് ഹാളിൽവെച്ച് നടത്തുവാൻ തിരുമാനിച്ചു.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.







## From the Bishop's Diary

**2014 ഒക്ടോബർ**

27 - മുട്ടിക്കുളങ്ങര മേരിലാൻഡിൽ സി. സീല, സി. ബ്രിറ്റൊ, സി. ബേസിൽ, സി. ബ്ലെയ്സ്, സി. ടൈറ്റസ്, സി. വീറ്റസ്, സി. മിലിക്സ്, സി. അൻസീന എന്നിവരുടെ വ്രതവാഗ്ദാന സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

28 - രൂപതാകാര്യാലയത്തിൽ യുവക്ഷേത്ര ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

29 - രൂപതാകാര്യാലയത്തിൽ കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- തലശ്ശേരി കുന്നോത്ത് മേജർ സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

30 - തലശ്ശേരി അതിരൂപതയിൽ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെ യാത്രയയപ്പ് യോഗത്തിലും മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിലും സംബന്ധിച്ചു.

- കോഴിക്കോടുള്ള താമരശ്ശേരി രൂപതാവക സ്റ്റാർട്ട് എന്ന സ്ഥാപനം സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

31 - ധോണി മരിയൻ റിന്യൂവൽ സെന്ററിലും പാലന ആശുപത്രിയിലും നടത്തപ്പെട്ട ജപമാല പ്രദക്ഷിണത്തിൽ സമാപനസന്ദേശം നൽകി.

**2014 നവംബർ 1**

1 - കത്തീഡ്രൽ സെമിത്തേരി കപ്പേളയിൽ സകലമരിച്ചവരുടെയും ഓർമ്മത്തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- മംഗലംഡാം സെന്റ് സേവ്യേഴ്സ് ഫോറോന പള്ളിയിൽ സെറാഫിക് പ്രൊവിൻസിലെ നാല് സന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

2 - ഇടയാർപാളയം ഇൻഫന്റ് ജീസസ് പള്ളിയുടെ ദശവത്സരാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്നുനടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

3 - പെരുമ്പാവൂർ പുല്ലുവഴിയിൽ എഫ്.സി.സി. സഭാംഗങ്ങളായ ആറ് സന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

- അങ്കമാലി സലേഷ്യൻ ഹൗസ് സന്ദർശിച്ചു.

4 - വള്ളമംഗലം തിരുഹൃദയ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

- മംഗലപ്പുഴ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു.

5 - അപകടത്തിൽപ്പെട്ട് നിര്യാതനായ ജോസ്ഗിരി ഇടവകാംഗം റോബി സേവ്യറിന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

- രാജഗിരി ഇടവക ദൈവാലയം സന്ദർശിച്ചു.

6 - സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- മേഴ്സി കോൺവെന്റ് ചാപ്പലിൽ ബഹു. സി. ക്രിസാന്ത സി.എം.സി.യുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

7 - രൂപതാകാര്യാലയത്തിൽ കാത്തലിക് കെയർ ഹോംസിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- മേഴ്സി കോൺവെന്റിൽ ബഹു. സി. ക്രിസാന്ത സി.എം.സി.യുടെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

- രൂപതാകാര്യാലയത്തിൽ എപ്പാർക്കിയൽ അസംബ്ലിയുടെ സെൻട്രൽ കമ്മിറ്റി മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

8 - തായ്ക്കാട്ടുകര സി.എം.സി. ജനറലേറ്റ് കപ്പേളയിൽ 138 സി.എം.സി. സന്ന്യാസിനികളുടെ വ്രതവാഗ്ദാന സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.





- കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ബഹു. നീലേഷ് തുരുത്തുവേലിലച്ചന്റെ അപ്പന്റെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

9 - കൊഴിഞ്ഞാമ്പാറയിൽ രാമനാഥപുരം രൂപതയുടെ മേജർ സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

- കൊഴിഞ്ഞാമ്പാറ സി.എം.ഐ. മൈനർ സെമിനാരിയും വേലന്താവളം സി.എം.ഐ. നോവിഷ്യേറ്റ് ഹൗസും സന്ദർശിച്ച് വൈദികവിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

- കൊഴിഞ്ഞാമ്പാറ സെന്റ് ആന്റണീസ് ഇടവകയുടെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

- യുവക്ഷേത്ര സന്ദർശിച്ച് എപ്പാർക്കിയൽ അസംബ്ലിയുടെ സെൻട്രൽ കമ്മിറ്റി അംഗങ്ങളോടൊപ്പം അസംബ്ലി സംബന്ധിച്ച ക്രമീകരണങ്ങൾ വിലയിരുത്തി.

10 - മുണ്ടൂർ യുവക്ഷേത്രയിൽ എപ്പാർക്കിയൽ അസംബ്ലി ഉദ്ഘാടനം ചെയ്തു.

11-13 എപ്പാർക്കിയൽ അസംബ്ലിയിൽ സംബന്ധിച്ചു.

12 - മുട്ടിക്കുളങ്ങര മേരിലാൻഡിൽ സി. സെറീന സി.എച്ച്.എഫിന്റെ മൃതദേഹ സംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

15 - പാസ്റ്ററൽ സെന്ററിൽ റൂബിജൂബിലിയോടനുബന്ധിച്ച് ഇടവകകൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ച ടീമംഗങ്ങൾക്ക് സന്ദേശം നൽകി.

- വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന ദൈവാലയത്തിൽ ബഹു. ജോർജ്ജ് തെരുവൻകുന്നേലച്ചന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- പാസ്റ്ററൽ സെന്ററിൽ എസ്.എം.സി.സി. രൂപതാതല ശില്പശാലയിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.